2023
MAY
08
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## താനൂർ ബോട്ട് ദുരന്തം: മരണം 22 ആയി

**താനൂർ:** താനൂർ ബോട്ട് ദുരന്തത്തിൽ മരണം 22 ആയി. മരിച്ചവരിൽ ആറ് കുഞ്ഞുങ്ങളും മൂന്ന് സ്ത്രീകളും .രാഷ്ട്രപതിയും പ്രധാനമന്ത്രിയും ദുരന്തരത്തിൽ ദുഖം രേഖപ്പെടുത്തി. സംസ്ഥാനത്ത് ഇന്ന് ഔദ്യോഗിക ദുഖാചരണമാണ്.മരിച്ചവരുടെ കുടുംബത്തിന് 2 ലക്ഷം രൂപ നഷ്ടപരിഹാരം പ്രധാനമന്ത്രി പ്രഖ്യാപിച്ചു

ഒട്ടുംപുറം തൂവൽതീരത്ത് ഞായറാഴ്ച രാത്രി 7നും 7.40നും ഇടയിൽ, വിനോദ സഞ്ചായരികളായ യാത്രക്കാരുമായി തീരം വിട്ട ബോട്ട് മുന്നൂറ് മീറ്ററോളം സഞ്ചരിച്ചപ്പോഴാണ് അപകടത്തിൽപ്പെട്ടത്. ആദ്യം ഒന്നു ചരിഞ്ഞ ബോട്ട് പിന്നീട് തലകീഴായി മറിഞ്ഞു. മരിച്ച എല്ലാവരേയും തിരിച്ചറിഞ്ഞില്ല.



താനൂർ ഓലപ്പീടിക കാട്ടിൽപ്പീടിയെക്കൽ സിദ്ദീഖ് (41),സിദ്ധീഖിന്റെ മക്കളായ ഫാത്തിമ മിൻഹ (12), ഫൈസാൻ (3),പരപ്പനങ്ങാടികുന്നുമ്മൽ ജാബിറിന്റെ ഭാര്യ ജൽസിയ (40),പരപ്പനങ്ങാടി സ്വദേശികളായ സഫ്‌ല (7), ഹസ്ന (18), ഷംന (17), സഫ്ന, സീനത്ത്പരപ്പനങ്ങാടി കുന്നുമ്മൽ റസീന,പെരിന്തൽമണ്ണ പട്ടിക്കാട് അഫ്‌ലഹ് (7),പെരിന്തൽമണ്ണ പട്ടിക്കാട് അൻഷിദ് (10),മുണ്ടുപറമ്പ് മച്ചിങ്ങൽ നിഹാസിന്റെ മകൾ ഹാദി ഫാത്തിമ (7),പരപ്പനങ്ങാടി കുന്നുമ്മൽ സിറാജിന്റെ മക്കളായ ഷഹറ, റുഷ്ദഓട്ടുമ്മൽ വീട്ടിൽ സിറാജിന്റെ മകൾ നൈറതാനൂർ സ്റ്റേഷനിലെ പൊലീസുകാരൻ പരപ്പനങ്ങാടി സ്വദേശി സബറുദ്ദീൻ (37)ചെട്ടിപ്പടി വെട്ടിക്കുടി വീട്ടിൽ സൈനുൽ ആബിദിന്റെ ഭാര്യ ആയിഷാബി,ചെട്ടിപ്പടി വെട്ടിക്കുടി ആദിൽ, അർഷാൻ,അദ്നാൻപരപ്പനങ്ങാടി കുന്നുമ്മൽ ജരീർ എന്നിവർ മരിച്ചവരിൽ ഉൾപ്പെടും.

## മീൻ പിടുത്ത ബോട്ട് രൂപം മാറ്റി; ബോട്ട് ഉടമ നാസർ ഒളിവിൽ

**താനൂർ:** താനൂർ അപകടത്തിൽ ബോട്ട് ഉടമ നാസറിനെതിരെ ജാമ്യമില്ല വകുപ്പ് പ്രകാരം കേസെടുത്തു. ഇയാൾ ഒളിവിലാണെന്നും പൊലീസ് അറിയിച്ചു. നരഹത്യ ഉൾപ്പെടെ വകുപ്പുകൾ ചുമത്തി. മാനദണ്ഡങ്ങൾ ലംഘിച്ചായിരുന്നു ബോട്ട് യാത്രയെന്ന് പൊലീസ് സ്ഥിരീകരിച്ചു. ബോട്ടുടമ അപകടത്തിൽപെട്ടവരുടെ ലിസ്റ്റും കൈമാറിയിട്ടില്ല.

മൽസ്യബന്ധന ബോട്ട് രൂപമാറ്റം വരുത്തി വിനോദസഞ്ചാരത്തിന് ഉപയോഗിച്ചെന്ന് ആരോപണം ഉയർന്നിട്ടുണ്ട്. രൂപമാറ്റം നടത്തിയത് പൊന്നാനിയിലെ ലൈസൻസില്ലാത്ത യാർഡിൽ വച്ച്. ആലപ്പുഴ പോർട്ട് ചീഫ് സർവേയർ കഴിഞ്ഞ മാസം ബോട്ട് സർവേ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. മീൻപിടിത്ത ബോട്ട് ഒരു കാരണവശാലും രൂപമാറ്റം നടത്തി ഉല്ലാസ യാത്രയ്ക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണ്.ബോട്ടിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച കാര്യത്തിൽ അടക്കം പൊലീസ് പരിശോധന ഉണ്ടാകും. തുറമുഖ വകുപ്പ്, ഇൻലാന്റ് നാവിഗേഷൻ എന്നിവരുടെ ലൈസൻസ് ബോട്ടിന് ഉണ്ടെന്നാണ് പൊലീസിന് കിട്ടിയ പ്രാഥമിക വിവരം. ലൈസൻസ് നമ്പറും ബോട്ടിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ബോട്ടിന് ഫിറ്റ്നസ് നൽകുമ്പോൾ രൂപരേഖയുൾപ്പെടെ നിർമാണത്തിന്റെ സകല വിവരങ്ങളും വ്യക്തമാക്കണമെന്നിരിക്കെയാണ് പോർട്ട് സർവേയറുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കിയതെന്നാണ് വിവരം. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിരുന്നില്ല. ഇതിനു മുൻപാണ് ബോട്ട് സർവീസിനിറങ്ങിയത്.

ഒട്ടുംപുറം തൂവൽതീരത്ത് ഞായറാഴ്ച രാത്രി 7നും 7.40നും ഇടയിൽ, വിനോദ സഞ്ചായരികളായ യാത്രക്കാരുമായി തീരം വിട്ട ബോട്ട് മുന്നൂറ് മീറ്ററോളം സഞ്ചരിച്ചപ്പോഴാണ് അപകടത്തിൽപ്പെട്ടത്. ആദ്യം ഒന്നു ചരിഞ്ഞ ബോട്ട് പിന്നീട് തലകീഴായി മറിഞ്ഞു

## അദാനി ഗ്രൂപ്പ് മ്യാൻമറിലെ തുറമുഖം വിറ്റു

**യാങ്കൂൺ :** മ്യാൻമറിൽ അദാനി പോർട്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന തുറമുഖം 3 കോടി ഡോളറിനു വിറ്റു. നിക്ഷേപിച്ചതിനെക്കാൾ കുറഞ്ഞ വിലയ്ക്കാണു വിൽപന. 12.7 കോടി ഡോളറാണ് പദ്ധതിയിൽ നിക്ഷേപിച്ചിരുന്നത്. യാങ്കൂൺ നദിക്കരയിൽ സ്ഥിതി ചെയ്യുന്ന തുറമുഖം സോളർ എനർജി ലിമിറ്റഡ് എന്ന കമ്പനിയാണു വാങ്ങുന്നത്.

മ്യാൻമറിൽ സൈന്യം അധികാരം പിടിച്ചതിനെത്തുടർന്നുണ്ടായ പ്രക്ഷോഭങ്ങളും അതിനെ നേരിടാൻ ഭരണകൂടം സ്വീകരിച്ച നടപടികളും രാജ്യാന്തരസമൂഹത്തിന്റെ എതിർപ്പിന് ഇടയാക്കിയിരുന്നു. യുഎസ് മ്യാൻമറിനുമേൽ ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു.



## യുഎസ് ഫെഡ് റിസർവ് പലിശ കാൽ ശതമാനം കൂട്ടി

**വാഷിങ്ടൺ:** വിലക്കയറ്റം പിടിച്ചുനിർത്താൻ യുഎസ് കേന്ദ്രബാങ്കായ ഫെഡ് റിസർവ് പത്താം തവണയും അടിസ്ഥാന പലിശ നിരക്ക് ഉയർത്തി. കാൽ ശതമാനമാണ് വർധന. ഇതോടെ പലിശ നിരക്ക് 16 വർഷത്തിനിടയിലെ ഉയർന്ന നിലവാരത്തിലെത്തി;5.1 ശതമാനം. യൂറോപ്യൻ സെൻട്രൽ ബാങ്കും കാൽ ശതമാനം പലിശ ഉയർത്തിയിട്ടുണ്ട്.

പലിശയുയർത്തൽ തൽക്കാലം നിർത്തുന്നു എന്ന സൂചനയും ഫെഡ്റിസർവ് നൽകി. 2022 മാർച്ചിൽ തുടങ്ങിയ പലിശയുയർത്തൽ കാരണം യുഎസിൽ വായാപാപലിശ ഉയർന്നതും ജീവിതം ചെലവേറിയതായതും മാന്ദ്യഭീഷണി കൂട്ടിയിരുന്നു.



## ജനകീയാരോഗ്യ കേന്ദ്രങ്ങൾ 18ന് നാടിനു സമർപ്പിക്കും

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനം മേയ് 18ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. താഴേത്തട്ടിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ ഉറപ്പാക്കാനാകുമെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് 5409 ജനകീയ ആരോഗ്യ കേന്ദ്രങ്ങളാണ് ലക്ഷ്യമിടുന്നത്. ഈ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി ആ പ്രദേശത്തെ ജനപങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കാനാകും. മികച്ച സൗകര്യങ്ങളൊരുക്കി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളേയും ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റും. വർധിച്ചു വരുന്ന രോഗാതുരത, ജീവിതശൈലീ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പ്രതിരോധത്തിന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ഏറെ സഹായിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് ഒരു ജനകീയ ആരോഗ്യ ക്ലബ് എന്ന രീതിയിലാണ് രൂപം നൽകുന്നത്. ആരോഗ്യകരമായ ജീവിതശൈലി, വ്യായാമം എന്നിവ പ്രോത്സാഹിപ്പിക്കുവാനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

# മത്സ്യബന്ധന സീസൺ: വിഴിഞ്ഞത്ത് മുഴുവൻ സമയ കൺട്രോൾ റൂം



**വിഴിഞ്ഞം:** ആസന്നമായ മത്സ്യബന്ധന സീസണോടനുബന്ധിച്ച് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിൽ മുഴുവൻ സമയ കൺട്രോൾ റൂം പ്രവർത്തനം അടുത്ത ആഴ്ച തുടങ്ങും. കടൽ രക്ഷാ പ്രവർത്തനത്തിനു രണ്ടു വാടക ബോട്ടുകളെ കൂടാതെ ചെറു വള്ളം കൂടി ലഭ്യമാക്കാൻ നടപടി തുടങ്ങിയതായി ഫിഷറീസ് സ്റ്റേഷൻ അധികൃതർ പറഞ്ഞു. ഫിഷറീസ് വകുപ്പിന്റെ മറൈൻ ആംബുലൻസ് പ്രതിക്ഷയെ കൂടാതെയാണ് രക്ഷാദൗത്യത്തിനും പട്രോളിങ്ങിനുമായി വലിയ രണ്ടു വാടക ബോട്ടുകൾ ലഭ്യമാക്കുന്നത്. ഇതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. തീരത്തോടടുത്തുള്ള രക്ഷാദൗത്യത്തിനാണ് ചെറു വള്ളം ലഭ്യമാക്കുന്നത്. ഒരു വർഷ കാലാവധിയിൽ ദിവസ വേതന അടിസ്ഥാനത്തിൽ 11 താൽക്കാലിക ലൈഫ് ഗാർഡുമാരെ നിയോഗിക്കാനുള്ള നടപടികളും തുടങ്ങിയതായി അധികൃതർ അറിയിച്ചു.

15 നു ശേഷം കാലവർഷം ശക്തമായി കടലിളകി മത്സ്യലഭ്യത പ്രതീക്ഷയിൽ സമീപ തീരങ്ങളിൽ നിന്നു വിഴിഞ്ഞത്തേക്ക് വള്ളങ്ങളും തൊഴിലാളികളും എത്തിത്തുടങ്ങിയതായി ഇവിടുത്തെ തൊഴിലാളികൾ പറയുന്നു. മഴ ശക്തമായാൽ അടുത്ത ആഴ്ചയോടെ തമിഴ്നാട് അതിർത്തി തീരങ്ങൾ, അഞ്ചു തെങ്ങ് തുടങ്ങിയ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നിന്നു ഇവിടേക്ക് തൊഴിലാളികൾ ഒഴുകും. കടലമ്മ കനിഞ്ഞാൽ തുടർന്നുള്ള 3 മാസക്കാലം വിഴിഞ്ഞത്ത് മീൻ പിടിത്ത സീസൺ ആകും.

തീരത്തെ മത്സ്യബന്ധന സീസൺ മുന്നൊരുക്കം നടത്തുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ച് യോഗം ഉടൻ വിളിക്കുമെന്ന് അധികൃതർ പറഞ്ഞു. ജില്ലയിലെയും തമിഴ്നാട് അതിർത്തി തീരങ്ങളിലും കാലവർഷത്തോടനുബന്ധച്ച കടൽ ക്ഷോഭം കാരണം വള്ളമിറക്കാൻ കഴിയാത്തതിനാൽ ഹാർബർ സൗകര്യമുള്ള വിഴിഞ്ഞത്തേക്കാണ് മത്സ്യത്തൊഴിലാളികൾ എത്തുക. പുതുതായി എത്തുന്നവരുൾപ്പെടെയുള്ളവർക്കായി തീരത്ത് അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷാ നടപടികൾ എന്നിവ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായാണ് യോഗം.

# പത്തനംതിട്ടയിലെ ഇൻഡോർ സ്റ്റേഡിയം പ്രതിസന്ധിയിൽ



**പത്തനംതിട്ട:** ജില്ലാ ആസ്ഥാനത്തു നിർമാണം ആരംഭിച്ച ഇൻഡോർ സ്റ്റേഡിയം പദ്ധതിയിൽ നിന്നു കേന്ദ്ര സർക്കാർ പിൻമാറുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാതെ വലിച്ചിഴച്ച പദ്ധതി ഇതോടെ അനിശ്ചിതത്വത്തിലായി.

ജില്ലാ സ്റ്റേഡിയത്തിനു സമീപം നഗരസഭയുടെ ചുമതലയിൽ വിഭാവനം ചെയ്ത ഇൻഡോർ സ്റ്റേഡിയ നിർമാണത്തിനാണ് കേന്ദ്ര സർക്കാർ ഫണ്ട് വാഗ്ദാനം ചെയ്തിരുന്നത്. ആദ്യഗഡു വാങ്ങി പൈലിംഗ് ജോലികൾ നടത്തിയെങ്കിലും ഇതിൻറെ ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാതെ വരികയും പണം കരാറിനു വിരുദ്ധമായി ചെലവഴിക്കുകയും ചെയ്തതിനെത്തുടർന്നാണ് കേന്ദ്രത്തിൻറെ പിൻമാറ്റമെന്നു പറയുന്നു.

ധാരണാപത്രത്തിൽനിന്നു പിൻവാങ്ങുന്നതായി കാണിച്ചുള്ള കത്ത് കഴിഞ്ഞയാഴ്ച നഗരസഭാധികൃതർക്കു ലഭിച്ചു. ഇതിനിടെ, സ്റ്റേഡിയം നിർമാണം പൂർത്തീകരിക്കാനുള്ള കാലാവധിയും കഴിഞ്ഞിരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്ത പദ്ധതിയിൽനിന്നാണ് തങ്ങൾ പിന്മാറുന്നതെന്നു കായികമന്ത്രാലയം കത്തിൽ വിശദീകരിക്കുന്നു.

ആൻറോ ആൻറണി എംപിയുടെ ശ്രമഫലമായിട്ടാണ് ഇൻഡോർ സ്റ്റേഡിയം പത്തനംതിട്ടയിൽ അനുവദിച്ചത്. 2017ലെ ചിങ്ങപ്പുലരിയിൽ അന്നത്തെ കേരള ഗവർണർ ജസ്റ്റീസ് പി. സദാശിവമാണ് സ്റ്റേഡിയത്തിനു തറക്കല്ലിട്ടത്. പണി തുടങ്ങിയത് 2020 ലാണ്. മുംബൈ ആസ്ഥാനമായ സ്വകാര്യ കമ്പനിയാണ് സ്റ്റേഡിയ നിർമാണത്തിൻറെ കരാറെടുത്തത്. പൈലിംഗ് അടക്കമുള്ള ജോലികൾ നടന്നെങ്കിലും കോവിഡ് രൂക്ഷമായ സമയത്ത് എല്ലാ ജോലികളും നിർത്തിവച്ചു. രണ്ടു വർഷത്തിനുള്ളിൽ നിർമാണം പൂർത്തീകരിക്കണമെന്നായിരുന്നു കരാർ. എന്നാൽ, വർഷങ്ങൾ കഴിഞ്ഞിട്ടും നിർമാണം എങ്ങുമെത്താത്തതിൽ കേന്ദ്ര കായികമന്ത്രാലയം നേരത്തെതന്നെ അതൃപ്തി അറിയിച്ചിരുന്നു.

അനുവദിച്ച തുകയിൽ അനുമതിയില്ലാതെ പലിശപ്പണമെടുത്തു ചെലവഴിച്ചതും യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കാതിരുന്നതും വീഴ്ചയായി കത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ആറുകോടി രൂപയുടെ പദ്ധതിയാണ് ഇൻഡോർ സ്റ്റേഡിയത്തിനായി കേന്ദ്രം വാഗ്ദാനം ചെയ്തിരുന്നത്. എന്നാൽ, പദ്ധതിക്കുവേണ്ടി 13 കോടിയുടെ പദ്ധതിയാണ് തയാറാക്കിയത്.

1.80 കോടി രൂപയാണ് കേന്ദ്ര സർക്കാർ പദ്ധതിയിലേക്ക് ആദ്യ ഗഡുവായി അനുവദിച്ചത്. രണ്ടു വർഷം പണം ചെലവഴിക്കാതെ അക്കൗണ്ടിൽ കിടന്നതോടെ 24 ലക്ഷം രൂപ പലിശയായി ലഭിച്ചിരുന്നു. ഈ പണമെടുത്ത് അന്നത്തെ യുഡിഎഫ് ഭരണസമിതി പദ്ധതിയുടെ രൂപരേഖ തയാറാക്കിയ കൺസൾട്ടൻസിക്കു നൽകി. ഇതു ധാരണാപത്രത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്നു കേന്ദ്രം ചൂണ്ടിക്കാട്ടി. ഇതോടെ പലിശ തിരികെ അടയ്ക്കാതെ അടുത്ത ഗഡു നൽകില്ലെന്നായി.

ഇതിനിടെ, ഇപ്പോഴത്തെ ഭരണസമിതി പ്രത്യേക കൗൺസിൽ വിളിച്ചു ചേർത്തു പലിശ തിരിച്ചടയ്ക്കാൻ സംസ്ഥാന സർക്കാരിൻറെ അനുമതിക്കായി കത്തുനൽകി. ഇതനുസരിച്ചു 24 ലക്ഷം കേന്ദ്രകായിക മന്ത്രാലയത്തിലേക്കു തിരിച്ചടയ്ക്കാൻ അനുമതി ലഭിച്ചതിനു പിന്നാലെയാണ് കഴിഞ്ഞ വർഷം നഗരത്തിലെയും സമീപ പഞ്ചായത്തുകളിലെയും തോടുകളിൽനിന്നും അച്ചൻകോവിലാറിൽനിന്നും വാരിയ മണലും ചെളിയും നിക്ഷേപിച്ചതോടെ പൈലിംഗ് അടക്കമുള്ള ആദ്യഘട്ട നിർമാണം നടത്തിയ സ്ഥലംപോലും ഇപ്പോൾ കണ്ടെത്താനാകുന്നില്ല. മൈനർ ഇറിഗേഷൻ വകുപ്പിൻറെ നേതൃത്വത്തിൽ മണ്ണ് ലേലം ചെയ്യാൻ പദ്ധതിയിട്ടെങ്കിലും നടന്നില്ല. ഇതോടെ ഈ പ്രദേശം മാലിന്യം തള്ളാനുള്ള കേന്ദ്രവുമായി.

# സമയക്രമം പാലിക്കാതെ ബസുകൾ; യാത്രികർ വലയുന്നു

**നെന്മാറ:** വിനോദസഞ്ചാര കേന്ദ്രവും തോട്ടം മേഖലയുമായ നെല്ലിയാന്പതിയിലേക്കുള്ള കെഎസ്ആർടിസി ബസ് സമയക്രമം പാലിക്കാത്തത് യാത്രക്കാരെ ദുരിതത്തിലാക്കുന്നു.

നെല്ലിയാന്പതിയിലേക്കുള്ള പ്രധാന ബസ് സ്റ്റാൻറായ നെന്മാറയിൽ നിന്നും ബസുകൾ നെല്ലിയാന്പതിയിലേക്ക് പത്തും പതിനഞ്ചും മിനിറ്റ് നേരത്തെ പുറപ്പെടുന്നതായി വ്യാപക പരാതി ഉയരുന്നു.

ഇതുമൂലം വിദൂര സ്ഥലങ്ങളിൽ നിന്നെത്തുന്ന വിനോദസഞ്ചാരികളും നെല്ലിയാന്പതിയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും തോട്ടം തൊഴിലാളികളും വിദ്യാർത്ഥങ്ങണങ്ങണ്ടഥികളുമാണ് ഏറെ ബുദ്ധിമുട്ടുന്നത്.

പാലക്കാട് ഡിപ്പോയിൽ ഇക്കാര്യം വിളിച്ചറിയിച്ചിട്ടും ഫലം കാണുന്നില്ലെന്ന് യാത്രക്കാർ പരാതിപ്പെട്ടു.

അതോടൊപ്പം നെല്ലിയാന്പതിയിലേക്ക് സർവീസ് നടത്തിയിരുന്ന നാല് കെഎസ്ആർടിസി സർവീസുകളിൽ ഒരു ബസ് കഴിഞ്ഞ ഒരാഴ്ചയായി സർവീസ് നിർത്തിയിരിക്കുകയാണ്. പാലക്കാട്ടുനിന്ന് രാവിലെ 8.30നും നെന്മാറയിൽ നിന്ന് 9.30നും പുറപ്പെട്ടിരുന്ന ബസ് സർവീസാണ് നിർത്തിയത്.

രണ്ടും മൂന്നും മണിക്കൂർ ഇടവിട്ടാണ് നെല്ലിയാന്പതിയിലേക്ക് ഇപ്പോൾ ബസ് സർവീസുള്ളത്. കെഎസ്ആർടിസി ബസുകൾ പോയാൽ സമാന്തര സർവീസുകളോ ജീപ്പ് സർവീസോ നിലവിലില്ലാത്തതിനാൽ മണിക്കൂറുകൾക്ക് ശേഷം അടുത്ത ബസ് വരുന്നത് വരെ കാത്തിരിക്കേണ്ട സ്ഥിതിയാണ് എല്ലാവർക്കും.

ഇതുമൂലം വിദൂര വനമേഖലയിലെ തോട്ടങ്ങളിലും മറ്റും ജോലിക്കും താമസത്തിനും പോകുന്നവർ വന്യമൃഗ ഭീഷണിയും മറ്റും നേരിടേണ്ടിവരുന്നു.

നെന്മാറയിൽ നിന്ന് രാവിലെ 8.15നു ശേഷം അടുത്ത ബസ് 11, 2.30, വൈകിട്ട് 5 ന് എന്നീ സമയങ്ങളിലാണുള്ളത്.ഈ സമയദൈർഘ്യം നെല്ലിയാന്പതിയിൽ നിന്ന് മടങ്ങിവരുന്ന യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു.

നിലവിൽ നെല്ലിയാന്പതിയിലേക്ക് സർവീസ് നടത്തുന്ന കാരപ്പാറ, വിക്ടോറിയ, ലില്ലി എന്നീ മൂന്ന് വ്യത്യസ്ത പ്രദേശങ്ങളിലേക്കാണ് സർവീസ് നടത്തുന്നത്.

സമയക്രമം പാലിക്കാതെ സർവീസ് നടത്തുന്നതിനാൽ ഒരു ബസ് നഷ്ടപ്പെട്ടാൽ അടുത്ത ബസിൽ ഉദ്ദേശിച്ച സ്ഥലത്തേക്ക് എത്താൻ കഴിയില്ല.

നെല്ലിയാന്പതിയിലെ നൂറടിയിൽ നിന്നും വിദൂര ദിക്കുകളിലേക്ക് 250300 രൂപ നൽകി പ്രത്യേക വാടക ജീപ്പിൽ പോകേണ്ട സ്ഥിതി വരുന്നു.നേരത്തെ നെല്ലിയാന്പതിയിലേക്ക് തൃശൂരിൽ നിന്ന് ഒരു ബസ് സർവീസും പൊള്ളാച്ചിയിൽ നിന്ന് ഒരു സ്വകാര്യ ബസും ഉണ്ടായിരുന്നത് നിന്നുപോയതിന് പിന്നാലെയാണ് പുതുതായി പാലക്കാട് നിന്നുള്ള ഒരു സർവീസ് കൂടി നിലച്ചത്.



# കാടുകൾ പച്ചപ്പണിഞ്ഞു; കാട്ടാനകൾ കൂട്ടമായി വയനാടൻ കാടുകളിലേക്ക്

**പുൽപ്പള്ളി:** വേനൽമഴ തുടർച്ചയായി ലഭിച്ചതോടെ പുൽപ്പള്ളിലെ വരണ്ടുണങ്ങിയ വനമേഖലകൾ വീണ്ടും പച്ചപ്പണിഞ്ഞു. ഇതോടെ കേരള കർണാടക അതിർത്തി വനമേഖലയായ നാഗർഹോള, ബന്ഡിപ്പൂർ വനമേഖലകളിൽ നിന്നും കാട്ടാനകൾ കൂട്ടത്തോടെ തീറ്റയും വെള്ളവും തേടി കബനി തീരത്തെത്തുന്നത് പതിവുകാഴ്ചയാവുന്നു. വറ്റിവരണ്ടുകിടന്ന കബനിനദി വേനൽമഴ ലഭിച്ചതിനെ തുടർന്ന് നിറഞ്ഞൊഴുകാൻ തുടങ്ങി. കർണാടക വനമേഖലകളിൽ വേനൽ ശക്തമാവുകയും തീറ്റയ്ക്കും വെള്ളത്തിനും ദൗർലഭ്യവും നേരിട്ടതാണ് കാട്ടാനക്കൂട്ടങ്ങളെ കബനീതീരത്തേക്ക് എത്തിക്കുന്ന പ്രധാനഘടകം.

വനപാതകളിലൂടെയുള്ള യാത്രകളിൽ പോലും കാട്ടാനകളെ കാണാൻ സാധിക്കും. കാട്ടാനക്കുട്ടികൾ ഉൾപ്പെടെ കൂട്ടത്തോടെ പാതയോരങ്ങളിൽ മേഞ്ഞുനടക്കുന്നത് പതിവുകാഴ്ചയാണ്. ചെതലയം റേഞ്ചിലെ ചേകാടി പാക്കം റോഡ്, സുൽത്താൻ ബത്തേരി പുൽപ്പള്ളി റോഡ്, ദാസനക്കര കുറിച്ചിപ്പറ്റ പുൽപ്പള്ളി റോഡ് എന്നിവിടങ്ങളിലാണ് പകൽസമയത്ത് കാട്ടാനകൾ കൂട്ടത്തോടെയെത്തുന്നത്.

ആനകൾ പാതയോരങ്ങളിൽ എത്താൻ തുടങ്ങിയതോടെ വനംവകുപ്പ് പട്രോളിംഗ് ശക്തമാക്കി. ജില്ലയ്ക്ക് പുറത്തുനിന്നെത്തുന്ന സഞ്ചാരികൾക്ക് കാട്ടാനക്കൂട്ടം അപൂർവകാഴ്ചകളാണ് സമ്മാനിക്കുന്നത്. കബനിനദിയിൽ കൂട്ടത്തോടെ കാട്ടാനകൾ എത്തുന്നത് കാണാനായും നിരവധി പേരാണ് കൊളവള്ളി, ബൈരക്കുപ്പ, മരക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ ദിവസേന എത്തുന്നത്.

# വരൾച്ച രൂക്ഷം: ദിനംപ്രതി വിതരണം ചെയ്യുന്നത് രണ്ടര ലക്ഷം ലിറ്റർ വെള്ളം

**മട്ടന്നൂർ:** കഠിനമായ വേനൽചൂടിൽ വരൾച്ച രൂക്ഷമായതോടെ തദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം ഊർജിതമാക്കി. മട്ടന്നൂർ, ഇരിട്ടി നഗരസഭകളിലും സമീപ പഞ്ചായത്തുകളിലുമായി ദിവസം രണ്ടര ലക്ഷത്തോളം ലിറ്റർ വെള്ളമാണു സൗജന്യമായി വിതരണം ചെയ്യുന്നത്. ചൂട് ശക്തമായതോടെ കിണറുകളും തോടുകളും വറ്റിവരണ്ടതോടെ ലോറിയിലെത്തുന്ന വെള്ളത്തെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. മട്ടന്നൂർ, ഇരിട്ടി നഗരസഭകളിലും അയ്യങ്കുന്ന്, പായം, മാലൂർ, തില്ലങ്കേരി പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചാവശേരി പറമ്പിലെ മട്ടന്നൂർ ഇരിട്ടി നഗരസഭ ശുദ്ധജല വിതരണ പദ്ധതിയുടെ പ്ലാൻറിൽ നിന്നാണു വെള്ളം ആവശ്യത്തിന് വാങ്ങുന്നത്.മൂന്നും നാലും ലോറികളാണ് ഓരോ തദേശ സ്വയംഭരണ സ്ഥാപനത്തിലേക്കും വെള്ളമെടുക്കാൻ ചാവശേരി പറമ്പിലെ ശുചീകരണ പ്ലാൻറിലെത്തുന്നത്.

പുലർച്ചെ അഞ്ചുമുതൽ തന്നെ കൂറ്റൻ ടാങ്കുകളുമായെത്തുന്ന ലോറികൾ പ്ലാൻറിലെത്തി വെള്ളം നിറയ്ക്കും. തുടർന്ന് നഗരസഭയിലെയും പഞ്ചായത്തിലെയും മുഴുവൻ വാർഡുകളിലും വെള്ളമെത്തിക്കും.

വീടുകൾക്കു മുന്നിൽ പാത്രവുമായി സ്ത്രീകളും കുട്ടികളും അടക്കമുള്ളവർ വെള്ളവുമായെത്തുന്ന വാഹനത്തെ കാത്തുനിൽക്കുന്നുണ്ടാകും. കുടിവെള്ളം ലഭിക്കാതെ ദുരിതമനുവിക്കുന്നവർക്ക് തദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് ചെലവഴിച്ചു കുടിവെള്ളം വിതരണം നടത്തുന്നത് കുടുംബങ്ങൾക്ക് ആശ്വാസമായിരിക്കുകയാണ്.

പഴശി ഡാമിൽ നിന്നു ശേഖരിക്കുന്ന വെള്ളം ചാവശേരി പറമ്പിലെ ശുചീകരണ പ്ലാൻറിലെത്തിച്ച് ശുചീകരിച്ചാണ് വിതരണം ചെയ്യുന്നത്. ദിവസവും 11 ലോറികളിലാണു വെള്ളം വിതരണം ചെയ്യുന്നത്.



## ദേശീയപാത നിർമ്മാണം: തീരദേശ മേഖലയിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കും

ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി തീരദേശ മേഖലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് മൂടിപ്പോയ തോടുകൾ ഉടൻ നവീകരിക്കും. ജില്ലാ വികസന സമിതി യോഗത്തിലാണ് തീരുമാനം. മഴ കനക്കുന്നതോടെ ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാകാനുള്ള സാധ്യത എൻ കെ അക്ബർ എംഎൽഎ യോഗത്തിൽ ചൂണ്ടിക്കാട്ടി. ഇതുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കാൻ കലക്ടരുടെ നേതൃത്വത്തിൽ എംഎൽഎമാരുടെ യോഗം ചേരാനും തീരുമാനിച്ചു. സർക്കാർ വകുപ്പുകളുടെ കേസുകൾ വിളിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും കൃത്യമായ മോണിറ്ററിംഗ് നടത്തണമെന്നു യോഗം ആവശ്യപ്പെട്ടു.

മുതുവറ കനാൽ കേസിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കണമെന്ന് സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ ആവശ്യപ്പെട്ടു.

പരമ്പരാഗത തൊഴിലാളികളെ ഉപയോഗിച്ച് കനോലി കനാലിലെ ചെളി വാരുന്നതിന് എൻഒസി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ടൈസൺ മാസ്റ്റർ എംഎൽഎ ആവശ്യപ്പെട്ടു.

## മെയ് 17 കുടുംബശ്രീ ദിനമായി ആചരിക്കും: മന്ത്രി എം.ബി രാജേഷ്

കുടുംബശ്രീ സ്ഥാപക ദിനമായ മെയ് 17 കുടുംബശ്രീ ദിനമായി ആചരിക്കുമെന്ന് തദ്ദേശസ്വയംഭരണഎക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. ഒന്നാം കുടുംബശ്രീ ദിനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്നും കുടുംബശ്രീ സരസ്മേള തൃത്താലയിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു. ചാലിശ്ശേരി ഡോ. അംബേദ്കർ ഹാളിൽ നടന്ന ഒരുമയുടെ പലമ ചാലിശ്ശേരി സി.ഡി.എസിന് കീഴിലെ കുടുംബശ്രീ രജത ജൂബിലി ആഘോഷവും സാംസ്കാരിക സദസും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

25 വർഷത്തെ കുടുംബശ്രീയുടെ പ്രവർത്തനം സ്ത്രീ ജീവിതങ്ങളെ തിരുത്തിക്കുറിച്ചു. കുടുംബശ്രീ സ്ത്രീകളെ സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും ശാക്തീകരിച്ചു. സ്ത്രീ സംരംഭകർക്ക് വിജയിക്കാനാവും എന്ന് തെളിയിച്ചു. സ്ത്രീകളുടെ ജീവിതം കുടുംബശ്രീക്ക് മുൻപും പിമ്പും എന്ന നിലയിലേക്ക് അത് മാറ്റി. ഏത് പ്രധാനപ്പെട്ട ജോലിയും വിശ്വസിച്ച് ഏൽപ്പിക്കാൻ കഴിയുന്ന പ്രസ്ഥാനമായി കുടുംബശ്രീ മാറി.

സംസ്ഥാനത്തെ അതിദരിദ്ര്യരെ കണ്ടെത്താനുള്ള സർവ്വേയ്ക്ക് വലിയ പണച്ചെലവും സമയവും വിവിധ സർവ്വേ ഏജൻസികൾ ആവശ്യപ്പെട്ടപ്പോൾ വെറും 15 ദിവസം കൊണ്ടാണ് കുടുംബശ്രീ കൃത്യമായ കണക്കുകൾ നൽകിയത്. അത് സാമൂഹ്യനീതി വകുപ്പ് നൽകിയ കണക്കുമായി ഒത്തുപോകുന്നത്ര മികച്ചതും ആയിരുന്നു. കുടുംബശ്രീക്ക് സർക്കാർ കൂടുതൽ ഉത്തരവാദിത്വം നൽകാനാണ് ആലോചിക്കുന്നത്.

കാലഘട്ടത്തിന് അനുസരിച്ച രീതിയിൽ കുടുംബശ്രീയുടെ പ്രവർത്തനത്തെ എത്തിക്കും. സമൂഹത്തിൽ കുടുംബശ്രീ എത്താത്ത മേഖലകളില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സൈന്യമാണ് ഹരിത കർമ്മ സേന.

നിലവിൽ 31,000 പേർ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് കൂടുതൽ ശക്തിപ്പെടുത്തും. കഴിഞ്ഞദിവസം ആരംഭിച്ച വാട്ടർ മെട്രോ മുതൽ വിമാനത്താവളങ്ങളിൽ വരെ കുടുംബശ്രീയുടെ പ്രവർത്തനം എത്തിക്കഴിഞ്ഞതായും മന്ത്രി പറഞ്ഞു. പരിപാടിയിൽ ചാലിശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് എ.വി സന്ധ്യ അധ്യക്ഷയായി.

# ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റും: മന്ത്രി ആർ ബിന്ദു



**തൃശ്ശൂർ:** എല്ലാ പൊതുവേദികളിലും ഭിന്നശേഷികാർക്ക് വേണ്ടി പരിഭാഷകരെ ഏർപ്പെടുത്തുമെന്നും കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഹാളിൽ നടന്ന ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ ഇടവും എല്ലാ സംവിധാനങ്ങളും ഭിന്നശേഷിക്കാർക്കുമായി മാറണം. ഈ വിഷയത്തിലുള്ള പൊതുസമൂഹത്തിന്റെ മനോഭാവ മാറ്റത്തിനായി സാമൂഹ്യനീതി വകുപ്പ് ആശ്രാന്തം പരിശ്രമിക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണമാണ് സെന്റ് മേരീസ് കോളജ് ഹാളിൽ നടന്നത്. ഭിന്നശേഷി സമൂഹത്തിന്റെ മുന്നേറ്റത്തിനും പുനരധിവാസത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി 75 ഗുണഭോക്താക്കൾ പരിപാടിയുടെ ഭാഗമായി. ശ്രവൺ പദ്ധതി പ്രകാരം ശ്രവണ സഹായികളുടെ വിതരണവും ഹസ്തദാനം പദ്ധതി പ്രകാരം 20,000 രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് വിതരണവും ഇലക്ട്രിക് വീൽചെയർ വിതരണവും നടന്നു. മേയർ എം കെ വർഗീസ് അധ്യക്ഷനായി. സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. എം വി ജയഡാളി, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. മാഗി ജോസ്, കോർപ്പറേഷൻ കൗൺസിലർമാർ, വികലാംഗ കോർപ്പറേഷൻ ഡയറക്ടർമാർ, കോളജ് ഭാരവാഹികൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## ജിഎസ്ടി കുടിശിക: പൂങ്കുളം മുള ഫാക്ടറി പൂട്ടി

**നാദാപുരം:** രണ്ടര കോടിയിലധികം രൂപ ജിഎസ്ടി കുടിശിക ആയതോടെ ചെക്യാട് പൂങ്കുളത്തെ ബാംബു കോർപറേഷൻ യൂണിറ്റും മുള ഫാക്ടറിയും പ്രവർത്തനം നിർത്തി 2011ൽ ആണ് വ്യവസായ വകുപ്പിനു കീഴിൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 350 രൂപ ദിവസ വേതന നിരക്കിൽ 10 സ്ത്രീ തൊഴിലാളികളും ഒരു മാനേജരും സെക്യൂരിറ്റി ജീവനക്കാരനുമാണ് യൂണിറ്റിൽ ജോലി ചെയ്തിരുന്നത്. കണ്ണൂർ ജില്ലയിൽ നിന്ന് എത്തിക്കുന്ന മുള സംസ്കരിച്ച് യൂണിറ്റിൽ നിന്ന് ഉൽപന്നങ്ങൾ നിർമിച്ച് കയറ്റി അയയ്ക്കുകയായിരുന്നു ചെയ്തിരുന്നത്.

ജനുവരി 31 വരെ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ചന്ദനത്തിരി സ്റ്റിക്, ടൂത്ത് പിക്, ടൈലുകൾ എന്നിവയാണ് ആദ്യ ഘട്ടത്തിൽ നിർമിച്ചിരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂ വസ്ത്രം വിരിക്കുന്നതിന് ആവശ്യമുള്ള മുളക്കോലുകളുടെ നിർമാണവും പിന്നീട് ആരംഭിച്ചു. കോഴിക്കോട്, കണ്ണൂർ വയനാട് ജില്ലകളിലേക്കാണ് മുളക്കോലുകൾക്ക് പ്രധാനമായും ഓർഡർ ലഭിച്ചിരുന്നത്. ഇതിനിടയിലാണ് ജിഎസ്ടി പ്രശ്നം. 2019 മുതലുള്ള ജിഎസ്ടി അടയ്ക്കാനുണ്ട്. അടയ്ക്കാതായതോടെ ജിഎസ്ടി നമ്പർ റദ്ദായി. ഇതോടെ ഓർഡറുകൾ സ്വീകരിക്കാനും വിൽപന നടത്താനും കഴിയാതെ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തൊഴിലാളികൾക്ക് വരുമാനം നിലച്ചു. സംസ്ഥാനത്ത് തന്നെ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളിലൊന്നായിരുന്നു പൂങ്കുളത്തേത്. കണ്ണൂർ കണ്ണവത്തിനു പുറമേ തമിഴ്നാട്ടിലെ സ്വകാര്യ സംരംഭകരിൽ നിന്നു പോലും മുള എത്തിച്ചിരുന്നു. ലക്ഷങ്ങൾ വിലയുള്ള ഉപകരണങ്ങളാണ് യൂണിറ്റിലുള്ളത്.



## ടിക്കറ്റ് ബുക്കിങ് തിരക്ക്: തിരുവനന്തപുരം കാസർകോട് വന്ദേഭാരത് രാജ്യത്ത് ഒന്നാമത്

**പാലക്കാട്:** രാജ്യത്ത് ഏറ്റവും തിരക്കേറിയ വന്ദേ ഭാരത് എക്സ്പ്രസ് തിരുവനന്തപുരം കാസർകോട് റൂട്ടിലേതാണെന്നു വ്യക്തമായി. 215 ശതമാനമാണ് കേരളത്തിന്റെ സ്വന്തം വന്ദേഭാരതിന്റെ ഒക്യുപൻസി റേറ്റ്. അതായത്, ട്രെയിനിന് ഉൾക്കൊള്ളാൻ സാധിക്കുന്നതിന്റെ ഇരട്ടിയിലധികം പേർ ടിക്കറ്റ് ബുക്ക് ചെയ്യാൻ ശ്രമിക്കുന്നു. കാസർകോട്ടു നിന്നു തിരുവനന്തപുരത്തേക്ക് 203 ശതമാനമാണ് ഒക്യുപൻസി റേറ്റ്. കോയമ്പത്തൂർ ചെന്നൈ വന്ദേഭാരതും സെക്കന്ദരാബാദ് തിരുപ്പതി വന്ദേ ഭാരത് എക്സ്പ്രസും കൂടിയ ഒക്യുപൻസി റേറ്റോടെ തൊട്ടു പിന്നിലുണ്ട്. 150നു മുകളിലാണ് അവയുടെ ഒക്യുപൻസി റേറ്റ്.

ആവശ്യത്തിനു യാത്രക്കാരില്ലെങ്കിൽ കോച്ചുകളുടെ എണ്ണം പതിനാറിൽ നിന്ന് എട്ടായി കുറയ്ക്കാനുള്ള തയാറെടുപ്പോടെയാണു കേരളത്തിൽ വന്ദേഭാരത് സർവീസ് തുടങ്ങിയത്. എന്നാൽ, അതു വേണ്ടിവരില്ലെന്ന സൂചനയാണ് ഇപ്പോൾ കാണുന്നത്. തുടക്കത്തിലുള്ള കൗതുകം കുറഞ്ഞാലും 100% ബുക്കിങ് ലഭിക്കുമെന്നാണു കണക്കുകൂട്ടൽ. അതേസമയം, രാജ്യത്തെ മറ്റു പല വന്ദേഭാരത് ട്രെയിനുകളുടെയും അവസ്ഥ മോശമാണ്. ബിലാസ്പുർ നാഗ്പുർ റൂട്ടിൽ 52 ശതമാനവും അജ്മേർ ഡൽഹി റൂട്ടിൽ 48 ശതമാനവും യാത്രക്കാർ മാത്രമാണുള്ളത്.

ഇവ റെയിൽവേക്കു കനത്ത നഷ്ടമുണ്ടാക്കുന്നതിനാൽ കോച്ചുകളുടെ എണ്ണം പതിനാറിൽ നിന്ന് എട്ടായി കുറയ്ക്കാൻ നിർദേശമുണ്ട്. ഇതിനിടെ, തിരഞ്ഞെടുപ്പു മുന്നിൽ കണ്ട് രാജസ്ഥാന് ഉടൻ നാലു വന്ദേഭാരത് എക്സ്പ്രസുകൾ അനുവദിക്കാൻ റെയിൽവേ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇവയുടെ റൂട്ടുകൾ പരിഗണിച്ചു വരുന്നതേയുള്ളൂ. രാജ്യത്തിപ്പോൾ 15 വന്ദേഭാരത് ട്രെയിനുകളാണു സർവീസ് നടത്തുന്നത്. ഇവയിൽ നഷ്ടത്തിലോടുന്നവയുടെ റൂട്ട് പുനഃക്രമീകരിക്കാനും സമയം മാറ്റാനും റെയിൽവേ തുടക്കം കുറിച്ചിട്ടുണ്ട്.

## അപേക്ഷ ക്ഷണിച്ചു

**തൃശ്ശൂർ:** 202122, 202223 എന്നീ അധ്യായന വർഷങ്ങളിൽ എൻജിനീയറിങ് എംബിബിഎസ്, ബി എസ് സി അഗ്രികൾച്ചർ, വെറ്ററിനറി സയൻസ്, ബിഎഎംഎസ്, ബിഎച്ച്എംഎസ്, എംസിഎ, എംബിഎ, ബി എസ് സി നഴ്സിംഗ്, എം എസ് സി നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് മെറിറ്റിൽ അഡ്മിഷൻ ലഭിച്ച കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് ലഭിക്കുന്നതിന് അപേക്ഷിക്കാം.

2023 24 അദ്ധ്യായന വർഷത്തിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ പഠിക്കുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്ക് സൗജന്യ പഠന കിറ്റിനും അപേക്ഷിക്കാം.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 12 വരെയും. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശ്ശിക അടക്കുന്നതിനുള്ള അവസാന തീയതി മെയ് 31വരെയും ദീർഘിപ്പിച്ചു.കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0487 2446545.

## അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ നിയമനം

**പാലക്കാട്:** മലമ്പുഴ ഐ.സി.ഡി.എസ് പ്രൊജക്ട് പരിധിയിലെ പുതുപ്പരിയാരം, അകത്തേത്തറ, മലമ്പുഴ, മരുതറോഡ്, പുതുശ്ശേരി, കൊടുമ്പ് പഞ്ചായത്തുകളിലെ അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ നിയമനം. അതത് പഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരായ 18 നും 46 നും മധ്യേ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. വർക്കർ തസ്തികയ്ക്ക് എസ്.എസ്.എൽ.സി പാസായവർക്കും ഹെൽപ്പറിന് എസ്.എസ്.എൽ.സി പാസാകാത്തവരും എഴുത്തും വായനയും അറിയുന്നവർക്കും അപേക്ഷിക്കാം. എസ്.സി, എസ്.ടി വിഭാഗക്കാർക്ക് മൂന്ന് വർഷത്തെ വയസിളവ് ലഭിക്കും. അപേക്ഷ മലമ്പുഴ ശിശുവികസന പദ്ധതി ഓഫീസിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലും ലഭിക്കും. മുൻവർഷങ്ങളിൽ അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കണം. അപേക്ഷ ശിശുവികസന പദ്ധതി ഓഫീസർ, മലമ്പുഴ ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസ്, കല്ലേപ്പുള്ളി പോസ്റ്റ്, പാലക്കാട് 678005 വിലാസത്തിൽ മെയ് 31 ന് വൈകിട്ട് അഞ്ചിനകം നൽകണമെന്ന് ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചു. ഫോൺ: 0491 2529842.

## ലക്ചർ നിയമനം

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ ലക്ചർ ഇൻ റേഡിയേഷൻ ഫിസിക്സ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത: പോസ്റ്റ് എം.എസ് സി ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ഫിസിക്സ്/ എം.എസ് സി മെഡിക്കൽ ഫിസിക്സ് അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം/ ഡിപ്ലോമ അല്ലെങ്കിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പോടുകൂടിയ അടിസ്ഥാന യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പരമാവധി മൂന്ന് മാസത്തേക്കാണ് നിയമനം. താത്പര്യമുള്ളവർക്ക് മെയ് 10 ന് രാവിലെ 10.30 ന് വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും അവയുടെ ഒരു സെറ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും കൈവശമുണ്ടായിരിക്കണം.

# മോട്ടോർ വാഹന വകുപ്പിന്റെ സെൻട്രലൈസ്ഡ്പ്രിന്റിംഗ് സ്റ്റേഷൻ തേവരയിൽ

**കൊച്ചി:** മോട്ടോർ വാഹന വകുപ്പിന്റെ സെൻട്രലൈസ്ഡ് പ്രിന്റിംഗ് സ്റ്റേഷൻ എറണാകുളം തേവരയിൽ ആരംഭിച്ചു. പരിവാഹൻ വെബ്സൈറ്റിൽ ലൈസൻസ് സംബന്ധമായി വിവിധ സേവനങ്ങൾ ലഭ്യമാണ്. പ്രധാനമായും ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസിലെ പേരുമാറ്റൽ, ലൈസൻസിലെ ഒരു ക്ലാസ് ഒഴിവാക്കൽ (Surrender of COV), ഡ്രൈവിംഗ് ലൈസൻസിലെ മേൽവിലാസം മാറ്റൽ, ഡ്രൈവിംഗ് ലൈസൻസിലെ ജനനത്തീയതി മാറ്റൽ, ലൈസൻസിലെ ഫോട്ടോയിലോ, ഒപ്പിലോ മാറ്റം വരുത്തൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, റീപ്ലെയ്സ്മെന്റ് ഓഫ് ഡ്രൈവിംഗ് ലൈസൻസ് എന്നീ സേവനങ്ങൾ ലഭിക്കും. ഡ്രൈവിംഗ് ലൈസൻസ് അസൽ നഷ്ടപ്പെട്ടവരോ, തിരിച്ചറിയാൻ പറ്റാത്തവിധം നശിച്ചു പോയതോ ആണെങ്കിൽ ഡ്യൂപ്പിക്കേറ്റ് ലൈസൻസ് സേവനത്തിനാണ് അപേക്ഷിക്കണം. ഈ സേവനത്തിന് അപേക്ഷിക്കുമ്പോൾ, നിർദ്ദിഷ്ട ഫോറത്തിലുള്ള, നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപ്പ്ലോഡ് ചെയ്യണം. പ്രത്യേകിച്ച് സേവനങ്ങൾ ഒന്നും ആവശ്യമില്ലാത്തവർക്ക് പുതിയ പെറ്റ് ജി (PET G) കാർഡ് ലൈസൻസ് ലഭിക്കുന്നതിന് 'Replacement of Licence' എന്ന സേവനത്തിന് അപേക്ഷിച്ചാൽ മതി.ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്നവർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം. .ഏതെങ്കിലും ലൈസൻസ് സേവനത്തിന് അപേക്ഷിക്കുമ്പോൾ, ഡി ഡ്യൂപ്ലിക്കേഷൻ (De-duplication) ആവശ്യമാണെന്ന് സന്ദേശം കണ്ടാൽ അത് പൂർത്തിയാക്കുന്നതിനായി, ഒറിജിനൽ ലൈസൻസുമായി ഏതെങ്കിലും ആർ.ടി ഓഫീസിൽ ഹാജരാവുകയോ, ഏതെങ്കിലും ആർ.ടി ഓഫീസിലേക്ക് ലൈസൻസിന്റെ ഇരുപുറവും ഇമെയിൽ അയക്കുകയോ ചെയ്താൽ, അത് അപേക്ഷിക്കാൻ തക്കവിധം ഡിഡ്യൂപ്ലിക്കേഷൻ പൂർത്തിയാക്കി ലഭിക്കും.ഒരു ഡ്രൈവിംഗ് ലൈസൻസിൽ പെർമെനന്റ് അഡ്രസ്സ്,ടെമ്പററി അഡ്രസ്സ്/ പ്രസന്റ് അഡ്രസ്സ് എന്നിങ്ങനെ രണ്ട് അഡ്രസ്സുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൈസൻസ് സേവനം പൂർത്തിയാക്കി, പ്രസന്റ് അഡ്രസ്സിലേക്ക് ആണ് ലൈസൻസ് അയക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും സേവനങ്ങൾക്ക് അപേക്ഷിക്കുമ്പോൾ ലൈസൻസിൽ നൽകിയിരിക്കുന്ന പ്രസന്റ് അഡ്രസ്സിൽ സ്പീഡ് പോസ്റ്റ് വഴി ലഭിക്കുമെന്ന് ഉറപ്പാക്കണം. പഴയ സോഫ്റ്റ്വെയർ ആയ സ്മാർട്ട്മൂവ് പ്രകാരം ലഭിച്ച ലൈസൻസിൽ ഉള്ള ഏതെങ്കിലും അഡ്രസ്സ് ഭാഗങ്ങൾ വെബ്സൈറ്റിൽ കാണുന്നില്ലെങ്കിൽ, അപേക്ഷാസമയത്ത് മേൽ വിലാസം ലൈസൻസ് പ്രകാരം ആക്കി മാറ്റുന്നതിന് അനുവാദം ഉണ്ട്. ഏതെങ്കിലും മേൽ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ ഇവ ange of address എന്ന സേവനത്തിന് കൂടി അപേക്ഷിച്ച് ലൈസൻസ് കൈവശം എത്തും എന്ന് ഉറപ്പുവരുത്തുക. ഇത്തരത്തിൽ ഏതെങ്കിലും സേവനത്തിന് അപേക്ഷിക്കുമ്പോൾ പുതിയ പെറ്റ് ജി കാർഡ് ലൈസൻസ് ലഭിക്കും. അതിനാൽ റീപ്ലെയ്സ്മെന്റ് ഓഫ് ഡ്രൈവിംഗ് ലൈസൻസ് എന്ന സേവനത്തിന് വീണ്ടും അപേക്ഷിക്കേണ്ടതില്ല.നിലവിൽ ഉപയോഗിക്കുന്ന മൊബൈൽ നമ്പർ ആണ് അപേക്ഷയോടൊപ്പം നൽകിയിരിക്കുന്നത് എന്ന് അപേക്ഷകൻ ഉറപ്പുവരുത്തണം. മൊബൈൽ നമ്പറിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ അപേക്ഷാസമയത്ത് മാറ്റി നൽകുന്നതിന് അവസരം ഉണ്ട്. മേൽ വിലാസം കണ്ടെത്തുന്നതിനോ, ലൈസൻസ് കൈമാറുന്നതിനോ പോസ്റ്റ്മാന് സാധിക്കാത്ത സാഹചര്യമുണ്ടായാൽ മൊബൈൽ നമ്പറിൽ ബന്ധപ്പെട്ട് അത് കൈമാറുന്ന ആവശ്യത്തിലേക്കാണ് നമ്പർ നിലവിൽ ഉപയോഗത്തിലുള്ളതായിരിക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നത്.ഒരു അപേക്ഷ പൂർത്തിയാക്കിയാൽ അതിന്റെ നിലവിലുള്ള അവസ്ഥ, പരിവാഹൻ വെബ്സൈറ്റിൽ 'application status' എന്ന മെനു വഴി പരിശോധിച്ച് ബോദ്ധ്യപ്പെടാം. പൂർത്തിയാകുന്ന ഓരോ ഘട്ടവും രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ സന്ദേശം ആയി ലഭിക്കും. ഇപ്രകാരം ലൈസൻസ് അയച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കിയാൽ അതിന്റെ സ്പീഡ് പോസ്റ്റ് നമ്പർ 'application status' വഴി ലഭ്യമാകുന്നതും, ലൈസൻസ് ലൊക്കേഷൻ സ്പീഡ് പോസ്റ്റ് ട്രാക്കിംഗ് സംവിധാനം വഴി മനസ്സിലാക്കാവുന്നതുമാണ്.അപേക്ഷകർ ലൈസൻസിന്റെ ഒരു വശം മാത്രം അപ്പ്ലോഡ് ചെയ്യുന്നതായും, ഡിജിലോക്കർ, എം പരിവാഹൻ എന്നിവ വഴി കാണുന്ന ലൈസൻസ് വിവരങ്ങളുടെ സ്ക്രീൻഷോട്ട് അപ്പ്ലോഡ് ചെയ്യുന്നതായും കണ്ടുവരുന്നു. ഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് ഒഴികെയുള്ള എല്ലാ സേവനങ്ങൾക്കും അസ്സൽ ലൈസൻസിന്റെ ഇരുവശവും അപ്പ്ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.ഏതെങ്കിലും കാരണത്താൽ ലൈസൻസ് നേരിട്ട് കൈപ്പറ്റാൻ സാധിക്കില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ആർക്കെങ്കിലും അധികാരപത്രം നൽകി പോസ്റ്റ് ഓഫീസിൽ അറിയിച്ചു അത് കൈപ്പറ്റുന്നതിനുള്ള ക്രമീകരണം അപേക്ഷകൻ നടത്തണം. യാതൊരു കാരണത്താലും ലൈസൻസ് കൈപ്പറ്റാതെ തിരിച്ചു പോകുന്ന അവസ്ഥ ഉളവാകാതെ ശ്രദ്ധിക്കുക. ഏതെങ്കിലും കാരണത്താൽ ലൈസൻസ് കൈപ്പറ്റാതെ വന്നാൽ, അത് തിരികെ എറണാകുളത്ത് ഉള്ള കേന്ദ്രീകൃത ലൈസൻസ് പ്രിന്റിംഗ് കേന്ദ്രത്തിലേക്ക് ആയിരിക്കും തിരിച്ചെത്തുന്നത് (ഫോൺ: 04842996551). അത്തരത്തിൽ ഉള്ള ലൈസൻസുകൾ കൈപ്പറ്റണമെങ്കിൽ, ഉടമ നേരിട്ട് തേവര കെയുആർടിസി ബിൽഡിംഗിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ സെൻട്രലൈസ്ഡ് പ്രിന്റിംഗ് കേന്ദ്രത്തിൽ തിരിച്ചറിയൽ രേഖയുമായി ഹാജരായാൽ മാത്രമേ ലഭിക്കുവെന്ന് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

# രണ്ടാർകരയിൽ വെൽനെസ് സെന്റർ ആരംഭിച്ചു



**കൊച്ചി:** ഗ്രാമീണ മേഖലകളിലും ചികിത്സ സൗകര്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നാഷണൽ ഹെൽത്ത് മിഷൻ രണ്ടാർകരയിൽ പൂർത്തിയാക്കിയ ആരോഗ്യ ഉപകേന്ദ്രം (ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ) പ്രവർത്തനം ആരംഭിച്ചു. ഡീൻ കുര്യാക്കോസ് എം.പി വെൽനെസ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. കുര്യൻമലക്ക് പുറമെ മൂവാറ്റുപുഴ നഗരസഭയിലെ രണ്ടാമത്തെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററാണിത്.

ജനസംഖ്യ, ചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കണക്കിലെടുത്താണ് നഗരസഭയിൽ രണ്ട് വെൽനെസ് സെന്ററുകൾ ആരംഭിക്കുന്നത്. രണ്ടു കേന്ദ്രങ്ങളുടെയും പ്രവർത്തനത്തിനു 50 ലക്ഷം രൂപയാണ് അനുവദിച്ചത്. മരുന്നു വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അഞ്ച് ലക്ഷം രൂപയും മെഡിക്കൽ ഉപകരണങ്ങൾക്കായി രണ്ട് ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. രാവിലെ എട്ടു മുതൽ വൈകിട്ട് അഞ്ച് വരെ പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ ടെലി മെഡിസിൻ സംവിധാനവും ആരംഭിക്കും. ഒരു ഡോക്ടറുടെയും ഫാമസിസ്റ്റ്,സ്റ്റാഫ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെയും സേവനം ലഭ്യമാണ്.നഗരസഭ ചെയർമാൻ പി.പി എൽദോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മാത്യു കുഴൽനാടൻ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. വൈസ് ചെയർപേഴ്സൺ സിനി ബിജു, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷരായ അബ്ദുൾ ഖാദർ അജിമോൻ, പ്രമീള ഗിരീഷ്കുമാർ, നിസ അഷറഫ്, ജോസ് കുര്യാക്കോസ്, നഗരസഭ സെക്രട്ടറി എം. മുഹമ്മദ് ആരിഫ്ഖാൻ, വിവിധ വാർഡ് കൗൺസിലർമാരായ ലൈല ഹനീഫ , നെജില ഷാജി, ഫൗസിയ അലി, ജോളി മണ്ണൂർ, ജിനു ആന്റണി, കെ. ജി. അനിൽകുമാർ, ഉദ്യോഗസ്ഥർ,രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സൗജന്യ ലാപ്ടോപ്പിനും പഠനോപകരണ സൗജന്യ കിറ്റിനും അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സജീവ അംഗത്വമുള്ള തൊഴിലാളികളുടെ 202122, 202223 എന്നീ അധ്യയന വർഷങ്ങളിൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്, ബി.എസ്.സി അഗ്രിക്കൾച്ചർ, വെറ്ററിനറി സയൻസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.ഡി.എസ്, എം.സി.എ, എം.ബി.എ, ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ് എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് ദേശീയ, സംസ്ഥാന തലത്തിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റിൽ അഡ്മിഷൻ ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ് ടോപ്പ് ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.അതൊടൊപ്പം കേരള മോട്ടോർ തൊഴിലാളി ക്ഷമനിധി പദ്ധതിയിൽ സജീവാംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന (സർക്കാർ/സർക്കാർ എയ് ഡഡ് സ്കൂൾ) മക്കൾക്ക് പഠനോപകരണങ്ങളുടെ സൗജന്യ കിറ്റ് നൽകുന്നതിനും ബോർഡ് അപേക്ഷ ക്ഷണിച്ചു.അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ജില്ലാ ഓഫീസിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷമനിധി ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും www.kmtwwfb.org ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ മേയ് 12 വരെ എറണാകുളം എസ്.ആർ.എം റോഡിലുള്ള ജില്ലാ ഓഫീസിലും കൂടാതെ ekm.kmtwwfb@kerala.gov.in മെയിൽ ഐഡി വഴിയും ഓൺലൈനായും സ്വീകരിക്കും. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾക്കും വിശദവിവരങ്ങൾക്കും ഫോൺ: 04842401632.

# അങ്കണവാടികളിൽ വർക്കർ തസ്തിക: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അങ്കമാലി ഐ.സി.ഡി.എസ് പ്രോജക്ടിന് പരിധിയിലുള്ള തുറവൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ വർക്കർ തസ്തികയിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. തുറവൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിരം താമസക്കാരും 2023 ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായവരും 46 വയസ്സിൽ കവിയാത്തതുമായ വനിതകൾക്ക് അപേക്ഷിക്കാം.അപേക്ഷകൾ മെയ് 22 ന് വൈകിട്ട് 5 വരെ അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന അങ്കമാലി അഡീഷണൽ ഐസി.ഡി.എസ് ഓഫീസിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക അങ്കമാലി അഡീഷണൽ ഐസി.ഡി.എസ് ഓഫീസ്, തുറവൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ലഭ്യമാണ്. ഫോൺ :04842459255

# എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി ബ്ലോക്ക് വരുന്നു



**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി ബ്ലോക്കിന്റെ മാസ്റ്റർ പ്ലാനിന് അംഗീകാരം. ടി.ജെ വിനോദ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന ആശുപത്രി വികസന സമിതി യോഗത്തിലാണ് അംഗീകാരം നൽകിയത്. 83 കോടി രൂപ ചെലവിൽ ഒരു ലക്ഷത്തി അറുപതിനായിരം ചതുരശ്ര അടിയിലാണ് പുതിയ ഐ.പി കെട്ടിടം നിർമ്മിക്കുന്നത്. 374 കിടക്കകളുള്ള ഐ.പി ബ്ലോക്കാണ് യഥാർഥ്യമാക്കുക. 8 നിലകളിലായി ഒരുക്കുന്ന കെട്ടിടത്തിൽ 6 ഓപ്പറേഷൻ തിയേറ്ററുകളും ഒരു മിനി ഓപ്പറേഷൻ തീയേറ്ററും 14 ഐസിയു ബെഡുകളും ഉണ്ടാകും. ലാബ്, കോൺഫറൻസ് ഹാൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റേഡിയേഷൻ, ഫാർമസി തുടങ്ങി അത്യാധുനിക സൗകര്യങ്ങളോടെയാകും പുതിയ ഐ.പി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത്. ജനറൽ ആശുപത്രിയിലെ കാലപ്പഴക്കം ചെന്ന ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നത്. ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. മാസ്റ്റർ പ്ലാൻ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജനറൽ ആശുപത്രി സൂപ്രണ്ടിനെ യോഗം ചുമതലപ്പെടുത്തി.ജനറൽ ആശുപത്രിയിലെ ന്യൂറോ സർജറി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ന്യൂറോ സർജനെ നിയമിക്കുന്നതിനും യോഗം അംഗീകാരം നൽകി. നാഷണൽ ഹെൽത്ത് മിഷൻ സഹകരണത്തോടെ പുതിയ ന്യൂറോ സർജനെ നിയമിക്കും. ജൂൺ 16 മുതൽ ന്യൂറോ സർജറിയും ആരംഭിക്കും. ഈ വർഷം മുതൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്ന വിധത്തിൽ ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കും. ഉദ്ഘാടനത്തിന് സജ്ജമായ പുതിയ കാൻസർ കെയർ ബ്ലോക്കിലേക്ക് 15 നഴ്സിംഗ് ഓഫീസർ, 15 ശുചീകരണ തൊഴിലാളികൾ, മൂന്ന് സെക്യൂരിറ്റി ജീവനക്കാർ എന്നിവരെ നിയമിക്കുന്നതിനും അംഗീകാരം നൽകി. എം.പി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പുരോഗമിക്കുന്ന ഒ.പി കൗണ്ടർ, വെയ്റ്റിംഗ് ഏരിയ, പ്രവേശന കവാടം, റിസപ്ഷൻ കൗണ്ടർ തുടങ്ങിയവ നവീകരിക്കുന്നതിന് അധികമായ തുക ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നും ചെലവഴിക്കും. ഒരു കോടി ഒമ്പത് ലക്ഷം രൂപയാണ് പദ്ധതിയുടെ നിർമ്മാണ ചെലവ്. 50 ലക്ഷം രൂപയാണ് എം.പി ഫണ്ട് അനുവദിച്ചിരിക്കുന്നത്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) വഴി ലഭ്യമാക്കാൻ സാധിക്കാത്ത വിലയേറിയ മരുന്നുകൾ രോഗികൾക്ക് കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് ആശുപത്രി പരിസരത്ത് കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കാനും യോഗത്തിൽ തീരുമാനമായി. അടിസ്ഥാന ദിവസവേതനം 625 രൂപയായും സർവീസിൽ നിന്ന് വിരമിച്ച താൽക്കാലിക ജീവനക്കാരുടെ ദിവസവേതനം 500 രൂപയായും ഉയർത്തി. ഈ മാസം മുതൽ ശമ്പള വർധന പ്രാബല്യത്തിൽ വരും. കാലപ്പഴക്കംചെന്ന പീഡിയാട്രിക് വാർഡിന്റെ നവീകരണം, പീഡിയാട്രിക് വാർഡിനോട് ചേർന്ന് കുട്ടികളുടെ കളിസ്ഥലം, ഓക്സിജൻ പ്ലാന്റിന്റെ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കൽ, ഡക്ട് എ.സി സ്ഥാപിച്ചു നവീകരിച്ച കോൺഫറൻസ് ഹാളിന് 5000 രൂപ വാടക നിശ്ചയിക്കൽ, പ്ലംബർ, ഇലക്ട്രീഷ്യൻ തസ്തികയിൽ കൂടുതൽ നിയമനം, സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കൽ, മെയ് 31 ന് അവസാനിക്കുന്ന ശുചീകരണ തൊഴിലാളികളുടെ കാലാവധി നീട്ടി നൽകൽ എന്നീ കാര്യങ്ങൾക്കും വികസന സമിതി യോഗം അംഗീകാരം നൽകി .ജനറൽ ആശുപത്രി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഹൈബി ഈഡൻ എംപി, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എസ് ശ്രീദേവി, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.ആർ.ഷഹീർഷാ, ആശുപത്രി വികസന സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലയിൽ ക്വാറി/ ക്രഷർ ഉൽപ്പന്നങ്ങൾക്ക് മാർച്ച് 31നുള്ള വില അടിസ്ഥാനമാക്കി നിയന്ത്രണം ഏർപ്പെടുത്തും

**കൊച്ചി:** ജില്ലയിൽ ക്വാറി/ ക്രഷർ ഉൽപ്പന്നങ്ങൾക്ക് 2023 മാർച്ച് 31ന് വിറ്റ വിലയിൽ നിന്നും പരമാവധി അഞ്ചുരൂപ മാത്രം വർധിപ്പിച്ചേ വിൽക്കാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷിന്റ അധ്യക്ഷതയിൽ ക്വാറി/ ക്രഷർ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ തീരുമാനമായി.ജില്ലയിൽ ക്വാറി/ ക്രഷർ വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനും ജില്ലാതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുമെന്ന് കളക്ടർ പറഞ്ഞു. പാറയുടെ ലഭ്യത കുറവ് വിലവർധനവിന് കാരണമാകുന്ന സാഹചര്യത്തിൽ റവന്യൂ, എൽ.എ പട്ടയ ഭൂമികളിലെ പാറ ഖനനം ചെയ്യുന്നത് സംബന്ധിച്ച വിഷയങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനമുണ്ടാകും. പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നത്തിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കളക്ടർ



പറഞ്ഞു.യോഗത്തിൽ യോഗത്തിൽ സീനിയർ ജിയോളജിസ്റ്റ് പ്രിയ മോഹൻ, ക്വാറി/ ക്രഷർ ഉടമസ്ഥർ, ക്വാറി/ ക്രഷർ കോ ഓഡിനേഷൻ കമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## കളമശ്ശേരി വനിത ഐ.ടി.ഐയിൽ സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ

**കൊച്ചി:** കളമശ്ശേരി വനിത ഐ.ടി.ഐ യിൽ പിഎംകെവൈ 4.0 സ്കിൽ ഹബ്ബ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളായ സെൽഫ് എംപ്ലോയ്ഡ് ടെയ്‌ലർ, അസോസിയേറ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. താത്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക. അപേക്ഷ സമർപ്പിക്കേ അവസാന തീയതി മേയ് 20. ഫോൺ: 0484 2544750, 9946338746.

## മുറി വാടകയ്ക്ക്:ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി: മുനമ്പം ഫിഷിംഗ് ഹാർബറിലെ ഷോപ്പിംഗ് കോംപ്ലക്സിന് കിഴക്കുഭാഗത്തുള്ള മിനറൽ വാട്ടർ സൂക്ഷിക്കുന്ന റൂമിന്റെ ഒരു മുറി (റൂം നമ്പർ 1) ജൂൺ 21 മുതൽ 2024 ജൂൺ 20 വരെ പ്രസ്തുത ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് മത്സരസ്വ ഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. ഫോൺ: 0484 2397370

## ഡയാലിസിസ് യൂണിറ്റിലേക്ക് താൽകാലിക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ ആസ്ഥാന ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കുന്നു. പത്താം ക്ലാസ് യോഗ്യത, പ്രായപരിധി 40 വയസിൽ കവിയരുത്. തൃപ്പൂണിത്തുറ നഗരസഭാ പരിധിയിൽ സ്ഥിരതാമസമുള്ളവർക്ക് മുൻഗണന. നിശ്ചിത യോഗ്യതയുള്ളവർ മെയ് 12ന് രാവിലെ 11ന് തിരിച്ചറിയൽ കാർഡ്, യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി വാക്ഇൻഇന്റർവ്യൂവിന് സൂപ്രിന്റെ ചേമ്പറിൽ ഹാജരാകണം.

## ഹോസ്പിറ്റൽ ക്വാളിറ്റി മാനേജ്മന്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ് പ്രോഗ്രാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് ഹെൽത്ത് കെയർ ക്വാളിറ്റി മാനേജ്മന്റ് ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. ഈ പ്രോഗ്രാമിൽ മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് കോഴ്സുകളിൽ ഡിപ്ലോമ/ ഡിഗ്രി ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. വിശദവിവരങ്ങൾക്ക് 9048110031 / 8075553851, www.rccc.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

## തീരസദസ് മേയ് 27ന് ഫോർട്ട്കൊച്ചിയിലും വൈപ്പിനിലും

**കൊച്ചി:** കൊച്ചി, വൈപ്പിൻ നിയോജക മണ്ഡലങ്ങളിൽ തീരസദസ് മേയ് 27 സംഘടിപ്പിക്കും. കൊച്ചി മണ്ഡലത്തിൽ ഫോർട്ട്കൊച്ചി വെളി ഗ്രൗണ്ടിൽ രാവിലെ 9 മുതൽ 10.30 വരെ ജനപ്രതിനിധികളുമായുള്ള ചർച്ചയും 10.30 മുതൽ ഒന്ന് വരെ തീരസദസ്സും സംഘടിപ്പിക്കും. വൈപ്പിൻ മണ്ഡലത്തിൽ ഞാറയ്ക്കലിലെ ഐലന്റ് ക്ലബ് ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് മൂന്ന് മുതൽ 4.30 വരെ ജനപ്രതിനിധികളുമായുള്ള ചർച്ചയും ഞാറയ്ക്കൽ മാഞ്ഞൂരാൻ ഹാളിൽ വൈകിട്ട് അഞ്ചു മുതൽ ഏഴ് വരെ തീരസദസും സംഘടിപ്പിക്കും. തീരസദസ്സ് നടത്തിപ്പുമായി കൊച്ചി, വൈപ്പിൻ മണ്ഡലങ്ങളിലെ 12,553 വീടുകകളിൽ ജീവനക്കാർ നേരിട്ട് സന്ദർശിക്കുകയും നോട്ടീസുകൾ നൽകുകയും ചെയ്തിട്ടുണ്ട്. തീരമേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടു മനസിലാക്കി പരിഹരിക്കുന്നതിനും വികസന, ക്ഷേമ പ്രവർത്തനങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനുമാണ് സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ അദാലത്ത് മാതൃകയിൽ 'തീരസദസ്' സംഘടിപ്പിക്കുന്നത്.മന്ത്രിമാർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ, വിവിധ വകുപ്പ് മേധാവികൾ ഉൾപ്പെടെയുള്ളവർ പരിപാടിയിൽ പങ്കെടുക്കും. മത്സ്യത്തൊഴിലാളികളുടെ പാരമ്പര്യ അറിവ് ആധാരമാക്കി, പ്രാദേശിക പരിഗണന നൽകി നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ചുവടുവെപ്പാണ് തീരസദസ്. കേരളത്തിലെ 47 തീരദേശ മണ്ഡലങ്ങളിലാണ് തീരസദസ് സംഘടിപ്പിക്കുന്നത്.

# ഐ.പി.എൽ:36 കാറുകൾ സമ്മാനമായി നൽകി ജിയോ സിനിമ

**കൊച്ചി:** ജിയോ സിനിമയിലെ ഐ പി ൽ കാഴ്ചക്കാർക്കായി നടത്തുന്ന ജീതോ ധൻ ധനാ ധൻ മത്സരത്തിലൂടെ ഇതുവരെ 36 പേര് കാറുകൾ സമ്മാനമായി നേടിയതായി ജിയോ അധികൃതർ വ്യക്തമാക്കി. 68000 പേർക്ക് മറ്റ് സമ്മാനങ്ങളും ലഭിച്ചു. ഏപ്രിൽ 8 ന് ആരംഭിച്ച മത്സരത്തിൽ 44 കോടി ആളുകൾ പങ്കെടുത്തു.മണിപ്പൂർ, ജാർഖണ്ഡ്, ഹരിയാന, ത്രിപുര, ജമ്മു ആന്റ് കശ്മീർ, മധ്യപ്രദേശ്, പഞ്ചാബ്, കർണാടക, തെലുങ്കാന , ഡൽഹി,ഗുജറാത്ത് തുടങ്ങി ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുമുള്ളവരും ഇതുവരെയുള്ള മത്സരങ്ങളിൽ വിജയികളായി.ജിയോസിനിമയിൽ ടാറ്റ ഐപിഎൽ കാഴ്ചക്കാരുടെ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് ജീതോ ധനാ ധനിലൂടെ ലക്ഷ്യമിടുന്നത്. ഓരോ മത്സരത്തിലും കാഴ്ചക്കാർക്ക് സ്മാർട്ട് വാച്ചുകൾ, ബ്ലൂടൂത്ത് സ്പീക്കറുകൾ, വയർലെസ് ഇയർഫോണുകൾ എന്നിവ പോലുള്ള സമ്മാനങ്ങളും എല്ലാ മത്സരത്തിലും ഒരു കാർ വിജയിക്കാനുള്ള അവസരവും വാഗ്ദാനം ചെയ്യുന്നു.മത്സരത്തിൽ പങ്കെടുക്കാനായി കാഴ്ചക്കാർ പോർട്രെയിറ്റ് മോഡിൽ ഫോൺ പിടിക്കേണ്ടതുണ്ട്. സ്ക്രീനിന്റെ അടിയിൽ ഒരു ചാറ്റ് ബോക്സ് തുറക്കും, അവിടെ നാല് ഓപ്ഷനുകൾക്കൊപ്പം ഓരോ ഓവറിനും മുമ്പായി ചോദ്യം ദൃശ്യമാകും. മത്സരത്തിൽ ഏറ്റവും ശരിയായ ഉത്തരങ്ങൾ നൽകുന്ന കാഴ്ചക്കാർക്ക് സമ്മാനങ്ങൾ നേടാനും സാധിക്കും.

# കുറഞ്ഞ നിരക്കിൽ സ്റ്റാൻഡ് ബൈ പ്ലാനുകൾ അവതരിപ്പിച്ച് എയർടെൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവനദാതാക്കളായ ഭാരതി എയർടെൽ തങ്ങളുടെ ബ്രോഡ്ബാൻഡ് സേവനം ഗ്രാമീണ മേഖലകളിൽ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എയർടെൽ എക്സ്ട്രീം ഫൈബർ സ്റ്റാൻഡ് ബൈ പ്ലാനുകൾ അവതരിപ്പിച്ചു. സൗജന്യ ലൈവ് ടിവി, ഒടിടി തുടങ്ങിയ ആനുകൂല്യങ്ങളോടൊപ്പം പ്രതിമാസം 199 രൂപ, 399 രൂപ എന്നീ നിരക്കുകളിൽ തുടങ്ങുന്നതാണ് ഈ പ്ലാനുകൾ. 10 എംബിപിഎസ് വരെ വേഗതയും പരിധിയില്ലാത്ത വോയ്സ് കോളുകളും ഡേറ്റയും ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.399 രൂപയുടെ പ്ലാനിനൊപ്പം വിവിധ ഒടിടികളും ലഭിക്കും.തുടക്ക പ്ലാനായ 199 രൂപയുടെ പ്രതിമാസ പ്ലാനിൽ അഞ്ചു മാസത്തേക്ക് 10 എംബിപിഎസ് വേഗതയും സൗജന്യ വൈഫൈ റൂട്ടറും ലഭിക്കും. ഈ പ്ലാനിന് ആകെ ചെലവ് 1,674 രൂപയാണ്. ഇതിൽ ഒറ്റത്തവണ ഇൻസ്റ്റലേഷൻ ചാർജായ 500 രൂപയും ജിഎസ്ടിയും ഉൾപ്പെടും. 399 രൂപയുടെ പ്രതിമാസ പ്ലാനിനൊപ്പം 10 എംബിപിഎസ് വേഗതയിൽ പരിധിയില്ലാത്ത ഡേറ്റ, സൗജന്യ വൈഫൈ റൂട്ടർ എക്സ്ട്രീം ബോക്സ്, 350ലേറെ ടിവി ചാനലുകൾ തുടങ്ങിയവ ലഭിക്കും. ഒറ്റത്തവണ ഇൻസ്റ്റലേഷൻ ചാർജായ 500 രൂപയും ജിഎസ്ടിയും ഉൾപ്പെടെ ഈ പ്ലാനിന്റെ ആകെ ചെലവ് അഞ്ചു മാസത്തേക് 3000 രൂപയാണ്. ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിടവ് നികത്തുക, എല്ലാവരിലേക്കും അതിവേഗ ഇന്റർനെറ്റ് എത്തിക്കുക, അതുവഴി എല്ലാ ജീവിത മേഖലകളിലും പുരോഗതിക്ക് ആക്കം കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് ചുരുങ്ങിയ ചെലവിലുള്ള പുതിയ പ്ലാനുകൾ അവതരിപ്പിച്ചിരിക്കുന്നതെന്നും എയർടെൽ അധികൃതർ വ്യക്തമാക്കി.2022 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തുടനീളം 1140 പട്ടണങ്ങളിൽ എയർടെൽ എക്സ്ട്രീം ഫൈബർ സേവനം ഇപ്പോൾ ലഭ്യമാണ്. മുൻവർഷം ഇത് 847 നഗരങ്ങളായിരുന്നു. പുതുതായി 150 നഗരങ്ങളിലേക്കു കൂടി എയർടെൽ എക്സ്ട്രീം ഫൈബർ സേവന വ്യാപിക്കുന്നതായും എയർടെൽ പ്രഖ്യാപിച്ചിട്ടുണ്ട്.


# ദേശീയ ഓട്ടോക്രോസ് ചാമ്പ്യൻഷിപ്പ് :രണ്ടാം റൗണ്ട് സമാപിച്ചു

**കൊച്ചി:** പ്രമുഖ ടയർ നിർമാതാക്കളായ സിയറ്റും ഇന്ത്യൻ ഓട്ടോമോട്ടീവ് റേസിംഗ് ക്ലബ്ബും സംഘടിപ്പിച്ച 2023 ഇന്ത്യൻ നാഷണൽ ഓട്ടോക്രോസ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം റൗണ്ട് വിജയകമായി സമാപിച്ചു. ടൈം അറ്റാക്ക് ഇവന്റിന്റെ രണ്ടാം റൗണ്ടും ഇതോടൊപ്പം നടന്നു. ഗോവയ്ക്ക് പുറമേ, മുംബൈ, പൂനെ, ബെംഗളൂരു, ഹൈദരാബാദ്, ഡൽഹി എന്നിവിടങ്ങളിൽ നിന്നുള്ള മോട്ടോർ സ്പോർട്സ് പ്രേമികളും ആരാധകരും മത്സരങ്ങൾ കാണാനെത്തി.

പ്രോ എക്സ്പെർട്ട്, പ്രോ അമേചർ, അമേചർ എന്നീ വിഭാഗങ്ങളായിരുന്നു മത്സരങ്ങൾ. ഓരോ വിഭാഗത്തിലെയും വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനിച്ചു.ഇത്തരമൊരു വിജയകരമായ പരിപാടിയുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും, ഭാവിയിലും ഇത്തരം പരിപാടികളുടെ ഭാഗമാവാൻ ആഗ്രഹുണ്ടെന്നും സിയറ്റ് ചീഫ് മാർക്കറ്റിങ് ഓഫീസർ ലക്ഷ്മി നാരായണൻ ബി പറഞ്ഞു.




# 'അരിക്കൊമ്പൻ' ; കാട്ടാനയുടെ കഥ സിനിമയാകുന്നു




**കൊച്ചി:** നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തന്റെ വാസസ്ഥലത്തു നിന്നും മാറ്റി പാർപ്പിക്കേണ്ടി വന്ന അരിക്കൊമ്പന്റെ ജീവിതം സിനിമയാകുന്നു.ബാദുഷാ സിനിമാസിന്റെയും പെൻ ആൻഡ് പേപ്പർ ക്രിയേഷൻസിന്റെയും ബാനറിൽ നിർമ്മിക്കുന്ന ചിത്രം സംവിധാനം ചെയ്യുന്നത് സാജിദ് യാഹിയ ആണ്. സുഹൈൽ എം കോയയാണ് അരിക്കൊമ്പന്റെ കഥ ഒരുക്കുന്നത്. കേരളത്തിൽ ഇന്നും വാർത്തകളിൽ നിറഞ്ഞു നിൽക്കുന്ന അരിക്കൊമ്പന്റെ ജീവിതം സിനിമയാക്കുമ്പോൾ ആകാംക്ഷയിലാണ് ഓരോ പ്രേക്ഷകനും. അരിക്കൊമ്പനെ വാസ സ്ഥലത്തു നിന്ന് മാറ്റിയതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ഇന്നും ചർച്ചകൾ കൊടുമ്പിരി കൊള്ളുമ്പോൾ അരിക്കൊമ്പന്റെ ജീവിത യാഥാർഥ്യങ്ങളിലേക്ക് വഴിതുറക്കുന്ന കഥ ചലച്ചിത്രമാകുമ്പോൾ മലയാള സിനിമയിൽ പുതിയ ഒരദ്ധ്യായം രചിക്കപ്പെടുന്നു. എൻ. എം. ബാദുഷ, ഷിനോയ് മാത്യു, രാജൻ ചിറയിൽ,മഞ്ജു ബാദുഷ, നീതു ഷിനോയ്, പ്രിജിൻ ജെ പി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. ചിത്രത്തിന്റെ താര നിർണ്ണയം പുരോഗമിച്ചു വരികയാണ്.അരിക്കൊമ്പന്റെ പിന്നിലെ അണിയറപ്രവർത്തകർ ഷാരോൺ ശ്രീനിവാസ്, പ്രിയദർശിനി,അമൽ മനോജ്, പ്രകാശ് അലക്സ് , വിമൽ നാസർ, നിഹാൽ സാദിഖ്, അനീസ് നാടോടി, നരസിംഹ സ്വാമി, വിജിത്, ആസിഫ് കുറ്റിപ്പുറം, അബു വളയംകുളം, മാഗ്ഗുഫിൻ എന്നിവരാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

# 'വിത്തിൻ സെക്കന്റ്സ് ' വീഡിയോ ഗാനം റിലീസ് ആയി




**കൊച്ചി:** ഇന്ദ്രൻസിനെ കേന്ദ്ര കഥാപാത്രമാക്കി വിജേഷ് പി വിജയൻ സംവിധാനം ചെയ്യുന്ന 'വിത്തിൻ സെക്കന്റ്സ്'എന്ന ചിത്രത്തിന്റെ വീഡിയോ ഗാനംറിലീസായി.അനിൽ പനച്ചൂരാൻ എഴുതി രഞ്ജിൻ രാജ് സംഗീതം പകരുന്ന് എം ജി ശ്രീകുമാർ,രഞ്ജിൻ രാജ് എന്നിവർ ആലപിച്ച ' കസ്തൂരി, കസ്തൂരി...എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.മെയ് പന്ത്രണ്ടിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ സുധീർ കരമന,സിദ്ദിഖ്, അലൻസിയാർ, സന്തോഷ് കീഴാറ്റൂർ,തലൈവാസൽ വിജയ്, സുനിൽ സുഖദ,സെബിൻ സാബു, ബാജിയോ ജോർജ്ജ്, സാന്റിനോ മോഹൻ, ജെ പി മണക്കാട്, നാരായണൻകുട്ടി, ഡോക്ടർ സംഗീത് ധർമ്മരാജൻ,ജയൻ, ദീപു, മുരുകേശൻ,ശംഭൂ,മാസ്റ്റർ അർജുൻ സംഗീത്, മാസ്റ്റർ സഞ്ജയ്, മാസ്റ്റർ അർജുൻ അനിൽ,സരയൂ മോഹൻ, അനു നായർ, വർഷ ഗെയ്ക്വാഡ്, സീമ ജി നായർ, അനീഷ തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.അനിൽ പനച്ചുരാൻ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു. ഡോക്ടർ സംഗീത് ധർമ്മരാജൻ, വിനയൻ പി വിജയൻ എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.ബോൾ എന്റർടെയിൻമെന്റിന്റെ ബാനറിൽ ഡോക്ടർ സംഗീത ധർമ്മരാജൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രജീഷ് രാമൻ നിർവ്വഹിക്കുന്നു.എഡിറ്റർ അയൂബ് ഖാൻ, കലാസംവിധാനം നാഥൻ മണ്ണൂർ, മേയ്ക്കപ്പ് ബൈജു ബാലരാമപുരം, പ്രൊഡക്ഷൻ കൺട്രോളർജെ.പി. മണക്കാട്,കോസ്റ്റ്യൂം ഡിസൈനർകുമാർ എടപ്പാൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രവീൺ, അസോസിയേറ്റ് ഡയറക്ടർ മഹേഷ്, വിഷ്ണു. സൗണ്ട് ഡിസൈൻ ആനന്ദ് ബാബു, പ്രൊജക്റ്റ് ഡിസൈൻ ഡോക്ടർ അഞ്ജു സംഗീത്, ഫിനാൻഷ്യൽ കൺട്രോളർ സഞ്ജയ് പാൽ, സ്റ്റിൽസ് ജയപ്രകാശ് ആതളൂർ, അസിസ്റ്റന്റ് ഡയറക്ടർ ഷാൻ, ജയരാജ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്രാജൻ മണക്കാട്,ഷാജി കൊല്ലം.ഡിസൈൻ റോസ്മേരി ലില്ലു. കൊല്ലം,പുനലൂർ, കുളത്തുപ്പുഴ, ആര്യങ്കാവ്, തെന്മല,ചണ്ണപെട്ട എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ചിത്രമാണ് 'വിത്തിൻ സെക്കന്റ്സ്'.പി ആർ ഒ എ എസ് ദിനേശ്.

# ഹൃദ്രോഗങ്ങൾക്ക് അടിയന്തിര ചികിത്സാ കർമ്മ പദ്ധതി നടപ്പിലാക്കും

**കോട്ടയം:** ഹൃദ്രോഗ നിയന്ത്രണം, പ്രതിരോധം, ചികിത്സ എന്നിവ കൈകാര്യം ചെയ്യുന്ന ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായ കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്ററിന്റെ (സി.എസ്.ഐ കെ) ദ്വിദിന ശാസ്ത്ര സമ്മേളനം കുമരകം ദി സൂരി റിസോർട്ടിൽ നടന്നു.സി.എസ്.ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.പ്രഭാ നിനി ഗുപ്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൃദയാഘാതം ഉൾപ്പെടെയുള്ള ഹൃദ്രോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ ചികിത്സയാണ് കാത്തീറ്റർ വഴിയുള്ള ചികിത്സകൾ. ഇത് സംസ്ഥാനത്ത് സാർവത്രികവും തുല്യമായും മുഴുവൻ ജനങ്ങൾക്കും ലഭ്യമാവണം. അതിനുള്ള കർമപദ്ധതി സമ്മേളനം പ്രത്യേകം ചർച്ചചെയ്യുമെന്ന് ഡോ.പ്രഭാ നിനി ഗുപ്ത ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.ഹൃദയ പേശികളിലേക്കുള്ള രക്തയോട്ടം പുനസ്ഥാപിക്കുന്ന ആൻജിയോപ്ലാസ്റ്റി (പിസിഐ) സമയബന്ധിതവും നിർണായകവുമാണ്. അതിനായി കാത്ത് ലാബുകൾ സജ്ജീകരിച്ചിട്ടുള്ള ആശുപത്രിയിൽ രോഗി വേഗം എത്തേണ്ടത് പ്രധാനമാണ്.ഇത്തരം ആശുപത്രികൾക്ക് പ്രദേശത്തെ പൊതുജനങ്ങളുമായി വ്യക്തിപരമായ ബന്ധം അനിവാര്യമാണ്. അടിയന്തിരഹൃദ്രോഗ ചികിത്സയ്ക്ക് നല്ല ഏകോപിത സംവിധാനവും പ്രോട്ടോക്കോളും ആശുപത്രിക്കൾക്കുണ്ടാവണം.വിവര സാങ്കേതിക വിദ്യ, എ.ഐ എന്നിവ ബന്ധപ്പെടുത്തിയ അടിയന്തര പ്രതികരണ സംവിധാനങ്ങളും പ്രാദേശികമായി ആശുപത്രികളിൽ നടപ്പിലാക്കാൻ സാധിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി പ്രഥമ ശുശ്രൂഷ , സി.പി. ആർ തുടങ്ങി പരിശീലനം നൽകാമെന്നുമ ഡോ.പ്രഭാ നിനി ഗുപ്ത പറഞ്ഞു.സംസ്ഥാനത്ത് 125ലധികം കാത്ത് ലാബുകൾ ഉണ്ട് . അത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണെന്ന് ഓർഗനൈസിങ് സെക്രട്ടറി ഡോ.ജിത്തു സാം രാജൻ പറഞ്ഞു. കേരളത്തിലെ 70% ജനങ്ങൾക്ക് അര മണിക്കൂറിനുള്ളിലും 22% പേർക്ക് ഒരു മണിക്കൂറിനുള്ളിലും ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങളിൽ എത്താൻ കഴിയുന്ന സാഹചര്യമുണ്ട്. ബാക്കിയുള്ള വിദൂര പ്രദേശങ്ങളിലേ എട്ട് ശതമാനം ജനങ്ങൾക്കും സമയബന്ധിതമായ ചികിത്സ ഉറപ്പു വരുത്താനുള്ള ശ്രമം നടക്കുന്നു.എയർ കമഡോർ ഡോ. ഡി.എസ്.ചദ്ദ മുഖ്യപ്രഭാഷണം നടത്തി. ഡോ.ശിവശങ്കരൻ എസ് , വൈസ് പ്രസിഡന്റ് ഡോ. ജയഗോപാൽ പി.ബി, സെക്രട്ടറി ഡോ. സ്റ്റിജി ജോസഫ്, ഓർഗനൈസിങ് ചെയർമാൻ ഡോ. ദീപക് ഡേവിഡ്സൺ, ഓർഗനൈസിങ് സെക്രട്ടറി ഡോ.ജിത്തു സാം രാജൻ, ട്രഷറർ ഡോ.ജെയിംസ് തോമസ് എന്നിവർ സംസാരിച്ചു.സങ്കീർണ്ണമായ ഹൃദ്രോഗങ്ങൾക്ക് ഇന്റർവെൻഷണൽ കാർഡിയോളജിയിലെ നൂതന ചികിത്സാ രീതികൾ സമ്മേളനം ചർച്ച ചെയ്തു വെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ഡോ.ജിത്തു സാം രാജൻ പറഞ്ഞു.പ്രൈമറി ആൻജിയോപ്ലാസ്റ്റിയിലെ മുന്നേറ്റങ്ങൾ, ഘട്ടം ഘട്ടമായും പൂർണ്ണമായും രക്തയോട്ടം പുനസ്ഥാപിക്കുന്ന രീതികൾ, ശ്വാസകോശത്തിലേക്കുള്ള രക്ത വിതരണം തടസ്സപ്പെടുന്ന ബ്ലോക്കുകൾ നീക്കം ചെയ്യൽ എന്നിവ ശാസ്ത്ര സെഷനുകൾ ചർച്ച ചെയ്തു.ഹൃദയത്തിലേക്കുള്ള രക്തയോട്ടം പെട്ടെന്ന് കുറയുന്ന അവസ്ഥകളായ അക്യൂട്ട് കൊറോണറി സിൻഡ്രോം (എ.സി.എസ്) കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെഷൻ നടന്നു. മൂന്നിലൊന്ന് ഹൃദ്രോഗ മരണങ്ങൾ, പ്രത്യേകിച്ചും യുവജനങ്ങളിൽ സംഭവിക്കുന്നത് എ.സി.എസ് കാരണമാണ്, ഡോ.ജിത്തു സാം രാജൻ പറഞ്ഞു.ക്ലിനിക്കൽ, പ്രിവന്റീവ്, ഇന്റർവെൻഷണൽ കാർഡിയോളജി എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾക്കായി ഇരുപത്തിനാല് സിമ്പോസിയങ്ങളാണ് രണ്ട് ദിവസങ്ങളിലായി നടന്നത്. ഹൃദയസ്തംഭനത്തിനുള്ള ചികിത്സ, കാൽസിഫൈഡ് ബ്ലോക്കുകൾ കൈകാര്യം ചെയ്യൽ, ക്രമരഹിതമായ ഹൃദയമിടിപ്പ് നിയന്ത്രിക്കൽ, ലിപിഡ് മാനേജ്മെന്റ്, ഇസിജി ഇന്ററാക്ടീവ് സെഷനുകൾ, അനാരോഗ്യകരമായ ഭക്ഷണക്രമം, ഡയറ്റ് വിവാദങ്ങൾ, രോഗപ്രതിരോധ ചർച്ചകൾ എന്നിവയും ഇതിൽ ഉൾപ്പെടും.



സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരും അധ്യാപകരും ഗവേഷകരും സമ്മേളനത്തിൽ പങ്കെടുത്തു.

# മാലിന്യ സംസ്കരണം: പഠിക്കാൻ കേന്ദ്ര സംഘം ഏലൂരിൽ

**കൊച്ചി** :മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത് നേരിട്ട് കണ്ടു മനസിലാക്കാൻ ഏലൂർ നഗരസഭ സന്ദർശിച്ച് കേന്ദ്ര സംഘം. കേന്ദ്ര നഗരകാര്യ ജോയിന്റ് സെക്രട്ടറിയും മിഷൻ ഡയറക്ടറുമായ രൂപ മിശ്രയുടെ നേതൃത്വത്തിൽ നാല് ഉദ്യോഗസ്ഥ സംഘമാണ് സന്ദർശനം നടത്തിയത്. തുമ്പൂർമുഴി യൂണിറ്റും എം.സി.എഫും സംഘം സന്ദർശിച്ചു. മാലിന്യ സംസ്കരണത്തിന്റെ വിവിധ മേഖലകൾ ചർച്ച ചെയ്തു.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ടി. ബാലഭാസ്കർ, സി.പി.എച്ച്.ഇ.ഇ.ഒ ജോയിന്റ് അഡ്വൈസർ വി.കെ ചൗരസ്യ, ശ്യാം ലാൽ പൂനിയ, കെ.പി.എം.ജി ഉദ്യോഗസ്ഥരായ സെഹ്രിഷ് ഹസാരിക, പൂജ രവി, പ്രോഗ്രാം ഓഫീസർ അമീർഷാ, ധന്യ റോണി, ജില്ലാ ശുചിത്വ മിഷൻ കോഡിനേറ്റർ കെ.കെ. മനോജ്, നഗരസഭ ചെയർമാൻ എ.ഡി സുജിൽ, സ്ഥിരം സമിതി അധ്യക്ഷൻമാരായ ടി.എം ഷെനിൻ, പി.എ ഷെറീഫ്, അംബികാ ചന്ദ്രൻ, പി.ബി. രാജേഷ്, കൗൺസിലർമാരായ പി.എം അയൂബ്, എസ്. ഷാജി, നിസ്സി സാബു, പി.ബി. ഗോപിനാഥ്, സെക്രട്ടറി പി.കെ.സുഭാഷ്, ഹെൽത്ത് സൂപ്രണ്ട് വി. വിൽസൺ എന്നിവർ സംഘത്തെ അനുഗമിച്ചു.

# നഗര ശുചീകരണത്തിന് കൈകോർത്ത് സേനകളും

**കൊച്ചി:** ജനപങ്കാളത്തിത്തോടെ കൊച്ചി നഗരത്തിൻറെ വിവിധ ഭാഗങ്ങൾ ശുചീകരിക്കുന്ന പ്രവർത്തത്തിൽ വിവിധ സംഘടനകളെ കൂടാതെ ഇൻഡ്യൻ നേവിയും, കോസ്റ്റ് ഗാർഡും, കേരളാ പോലീസും പങ്കാളികളായി കൊച്ചി നഗരസഭയുടെ മാലിന്യ സംസ്കരണത്തിന് കരുത്ത് പകർന്ന് ക്ലീൻ ഗ്രീൻ കൊച്ചി ക്യാംപയിന്റെ ഭാഗമായാണ് എറണാകുളം മാർക്കറ്റ് ഉൾപ്പെടെ നഗരത്തിൻറെ വിവിധ ഭാഗങ്ങൾ വൃത്തിയാക്കിയത്.രാവിലെ 6 മണി മുതൽ ശുചീകരണം ആരംഭിച്ചു. ഫോർട്ട് കൊച്ചി പരിസരം ശുചീകരിക്കുവാൻ മുൻകൈ എടുത്തത് ഇന്ത്യൻ നേവിയാണ്. ഐ എൻ എസ് ദ്രോണാചാര്യയുടെ കമാൻഡിങ് ഓഫീസർ വി.ഇസഡ് ജോബിൻറെ നേതൃത്വത്തിൽ നേവൽ ഉദ്യോഗസ്ഥരും, കുടുംബാംഗങ്ങളും സൗത്ത് ബീച്ചും പരിസരവും ശുചീകരിച്ചു.കോസ്റ്റ് ഗാർഡ് ആണ് ഫോർട്ടുകൊച്ചി ബീച്ചും വാസ്കോഡ ഗാമ സ്ക്വയറും വൃത്തിയാക്കിയത്. കോസ്റ്റ് ഗാർഡ് ചീഫ് എൻ.രവി നേതൃത്വം നൽകി. സിറ്റി പോലീസ് കമ്മീഷണർ ഐ.ജി. സേതുരാമൻ ഐ.പി.എസിൻറെ നേതൃത്വത്തിൽ എറണാകുളം മറൈൻ ഡ്രൈവും, മേനക മുതൽ ജോസ് ജംഗ്ഷൻ വരെയും ശുചീകരിച്ചു. തൃക്കാക്കര, എറണാകുളം, ജില്ലാ ക്രൈം ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് എന്നീ എ.സി.പി.മാരുടെ നേതൃത്വത്തിൽ പോലീസ് സേനയിലെ 350 പേരാണ് ഇവിടെ പങ്കെടുത്തത്.എറണാകുളം മാർക്കറ്റിൽ നൂറുകണക്കിന് ചുമട്ടുതൊഴിലാളികളാണ് ശുചീകരണത്തിൽ പങ്കാളികളായത്. എറണാകുളം മർച്ചൻറ്സ് ചേമ്പറും മാർക്കറ്റ് സ്റ്റോൾ ഓണേഴ്സ് അസോസിയേഷനും മാർക്കറ്റ് ശുചീകരണത്തിൽ പങ്കെടുത്തു. വൈറ്റില ജംഗ്ഷനും പരിസരവും സി.ഐ.ടി.യു ജില്ലാ സെക്രട്ടറി പി.ആർ. മുരളീധരൻറെ നേതൃത്വത്തിലാണ് തൊഴിലാളികൾ വൃത്തിയാക്കിയത്.ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് ജംഗ്ഷൻ സി കെ മണിശങ്കറിൻറെ നേതൃത്വത്തിൽ തൊഴിലാളികൾ ശുചീകരിച്ചപ്പോൾ തേവര ജംഗ്ഷൻ മുതൽ ഷിപ്യാർഡ് ഗേറ്റ് വരെ സിറ്റി രവിപുരം ചുമടിലെ തൊഴിലാളികൾ ശുചീകരിച്ചു.വടുതലയിൽ രഘുനാഥ് പനവേലിയുടെ നേതൃത്വത്തിൽ സി.ഐ.ടി.യു ശുചീകരണം സംഘടിപ്പിച്ചു. കലൂരിലെ ചുമട്ടുതൊഴിലാളികൾ കലൂരിൽ നിന്നും ലിസി ജംഗ്ഷൻ വരെയും, കൊച്ചിൻ ഷിപ്യാർഡ് വർക്കേഴ്സ് യൂണിയൻ ഷിപ്യാർഡ് ഗേറ്റ് മുതൽ രവിപുരം വരെയുള്ള ഭാഗവും ശുചീകരിച്ചു.പ്രഭാകര നായിക്കിന്റെ നേതൃത്വത്തിൽ സി.പി.ഐ.എം. സെൻട്രൽ ലോക്കൽ കമ്മിറ്റി എറണാകുളം ബോട്ട് ജെട്ടി പരിസരം വൃത്തിയാക്കിയപ്പോൾ നഗരത്തിലെ വിവിധ ലോക്കൽ കമ്മിറ്റികൾ അതത് പ്രദേശത്തെ ശുചീകരണങ്ങളിലും പങ്കാളികളായി.

